# The Prabuddha Keralam.

# പ്രബുദ്ധകേരളം.

വിവേക നിർമ്മലാനന്ദ ജ്ഞാനവൈരാഗ്യസിദ്ധിദം
"പ്രബുദ്ധകേരളം" രാമകൃഷ്ണോരക്ഷതുസർവ്വദാ.

വാല്യം ൧൭ } ൧൧൦൭ മകരം { ലക്കം ൪


ശ്രീ

## ശ്രീരാമകൃഷ്ണോപദേശം

### ധർമ്മത്തെ അധികരിച്ചുള്ള പ്രസംഗം.

യഥാർത്ഥ ധർമ്മോപദേശം എതുപോലെയുള്ളതാണ്? അന്യരോട് പ്രസംഗിക്കുന്നതിനു പകരം താൻ തന്നെ ഈശ്വരനെ ഭജിക്കുന്നതു കൊണ്ട് വേണ്ടിടത്തോളം പ്രസംഗമായി. മുക്തനാകുന്നതിനു സ്വയം പ്രയത്നിക്കുന്നവൻ യഥാർത്ഥ ധർമ്മോപദേശകനാകുന്നു. മുക്തനായ ആളിന്റെ സമീപത്ത്, എവിടെനിന്നെന്നറിയാതെ, അസംഖ്യം ജനങ്ങൾ എല്ലാ ഭാഗങ്ങളിൽനിന്നും വന്നുകൂട്ടുകയും അദ്ദേഹത്തിന്റെ പക്കൽ നിന്നും ഉപദേശം സ്വീകരിക്കയും ചെയ്യുന്നു. പൂമൊട്ടു വിടിരുമ്പോൾ തേനീച്ചകൾ എല്ലാ ഭാഗങ്ങളിൽനിന്നും ക്ഷണിക്കപ്പെടാതെ തന്നെ വന്നു ചേരുന്നുണ്ടല്ലോ.

# ശ്രീരാമകൃഷ്ണദേവന്റെ തിരുവായ്മൊഴി.

രണ്ടാം ഭാഗം—ഇരുപത്തിമൂന്നാംഖണ്ഡം.

## അദ്ധ്യായം ൧.

ശ്രീരാമകൃഷ്ണദേവൻ മുറിയിലെ ചെറു കട്ടിലിൽ സമാധിസ്ഥനായിരിക്കുന്നു. ഭക്തന്മാർ തറയിലിരിക്കുന്നു, ഒരേ നോട്ടമായി ഭഗവാനെ നോക്കുന്നു. മഹിമാചരൻ, രാമചന്ദ്രദത്തൻ, മനോമോഹനൻ, നബായ്ചൈതന്യൻ, മാസ്റ്റർ തുടങ്ങി പലരും ഉണ്ടു്. ഇന്നു ദോലോത്സവം * ആണു്. ശ്രീചൈതന്യദേവന്റെ ജന്മദിനമാകുന്നു ഞായറാഴ്ച. ൧൮൮൫ മാർച്ച് മാസം ൧-ാംനു ഭക്തന്മാർ ഏകദൃഷ്ട്യാ നോക്കിക്കൊണ്ടിരിക്കുന്നു. ഭഗവാന്റെ സമാധിയഴിഞ്ഞു. ഇപ്പോഴും ഭാവാവസ്ഥയുടെ പൂർണ്ണമാത്രയിലാണു്. ഭഗവാൻ മഹിമാചരണനോടു പറയുന്നു:—ഹരിഭക്തിയെപ്പററി പറയൂ.

മഹിമാചരണൻ:—

"ആരാധിതോ യദി ഹരിസ്തപസാ തതഃ കിം?
നാരാധിതോ യദി ഹരിസ്തപസാ തതഃ കിം?
അന്തർബഹിർ യദി ഹരിസ്തപസാ തതഃ കിം?
നാന്തർബഹിർ യദി ഹരിസ്തപസാ തതഃ കിം?
വിരമ വിരമ ബ്രഹ്മൻ! കിം തപസ്യാസു വത്സ!
വ്രജ വ്രജ ദ്വിജ ശീഘ്രം ശങ്കരം ജ്ഞാനസിന്ധും
ലഭ ലഭ ഹരിഭക്തിം വൈഷ്ണവോക്താം സുപക്വാം
ഭവനിഗഡനിബന്ധച്ഛേദിനീം കർത്തരീം ച."

നാരദപഞ്ചരാത്രത്തിലുണ്ടു്. നാരദൻ തപസ്സു ചെയ്കയായിരുന്നു. അപ്പോൾ ഈ വിധം ദേവവാണിയുണ്ടായി:—

"ഹരിയെ ആരാധിക്കുന്നുവെങ്കിൽ തപസ്സെന്തിനു്? ഹരിയെ ആരാധിക്കുന്നില്ലെങ്കിൽ തപസ്സെന്തിനു്? ഹരി ഉള്ളും പുറവും ഉണ്ടെങ്കിൽ തപസ്സെന്തിനു്? ഹരി ഉള്ളിലും പുറത്തും ഇല്ലെങ്കിൽ തപസ്സെന്തിനു്? അതിനാൽ ഹേ! ബ്രഹ്മൻ! വിരമിക്കുക. ഹേ! വത്സ! തപസ്സുകൊണ്ടെന്തു പ്രയോജനം? ജ്ഞാനസിന്ധുവായ ശങ്കരന്റെ സമീപത്തേക്കു പോകൂ. വൈഷ്ണവന്മാർ യാതൊരു ഹരിഭക്തിയെപ്പററി കീർത്തിക്കുന്നുവോ ആ സുപക്വമായ ഭക്തിയെ പ്രാപിക്കുക. ഈ ഭക്തിയാകട്ടെ, സംസാരച്ചങ്ങലക്കെട്ടിനെ മുറിക്കാനുള്ള ആയുധമാകുന്നു.

* രഥോത്സവം, തെപ്പ ഉത്സവം (ശുചീന്ദ്രത്തും മററും) പോലെ ഒരു തരം ഊഞ്ഞാൽ ഉത്സവം.

ശ്രീരാമകൃഷ്ണദേവൻ:—ജീവകോടിയും ഈശ്വരകോടിയും. ജീവകോടിയുടെ ഭക്തി വൈധീഭക്തിയാണ്. ഇത്രത്തോളം ഉപചാരത്തോടെ പൂജ ചെയ്യണം, ഇത്ര ജപം നടത്തണം, ഇത്ര പുരശ്ചരണം ചെയ്യണം—എന്നതാണ് വൈധീഭക്തി. ഈ വൈധീഭക്തിക്കു ശേഷം ജ്ഞാനം ഉണ്ടാകും. അതിൽ പിന്നീടു ലയം. ഈ ലയത്തിനു ശേഷം തിരിയെ വരുന്നതല്ല.

ഈശ്വരകോടി ഒന്നു വേറെയാണ്. അനുലോമവിലോമമെന്നപോലെ "നേതി, നേതി" എന്ന ഭാവത്തോടു കൂടി മാളികത്തറയിലെത്തിക്കഴിഞ്ഞാൽ, മാളികത്തറ യാതൊരു ഇഷ്ടികയും കുമ്മായവും സുർക്കിയും കൊണ്ടു കെട്ടപ്പെട്ടിരിക്കുന്നുവോ, അതേ സാമാനങ്ങൾ കൊണ്ടുതന്നെയാണ് പടിക്കെട്ടുകളും നിർമ്മിച്ചിട്ടുള്ളതെന്നു മനസ്സിലാകും. അപ്പോൾ, ചിലപ്പോൾ മാളികത്തറയിലുമിരിക്കാം, കേറിയിറങ്ങുകയും ചെയ്യാം.

ശുകദേവൻ സമാധിസ്ഥനായിരുന്നു. നിർവ്വികല്പസമാധി അഥവാ ജഡസമാധിയായിരുന്നു. ഭഗവാൻ ശുകദേവന്റെ അടുക്കൽ നാരദനെപ്പറഞ്ഞയച്ചു—ശുകദേവൻ പരീക്ഷിത്തിനെ ഭാഗവതം പറഞ്ഞുകേൾപ്പിക്കണമെന്ന്. നാരദൻ ശ്രീശുകനെത്തേടി വന്നപ്പോൾ അദ്ദേഹം ജഡമെന്നപോലെ ബാഹ്യജ്ഞാനരഹിതനായി സ്ഥിതി ചെയ്യുന്നതാണു കണ്ടത്. അപ്പോൾ നാരദൻ തന്റെ വീണ മീട്ടി, ഹരിയുടെ രൂപവർണ്ണനയായി നാലു ശ്ലോകങ്ങൾ ആലാപിച്ചു തുടങ്ങി. ഒന്നാം ശ്ലോകം കേട്ടപ്പോൾ ശുകദേവനു രോമാഞ്ചമുണ്ടായി. ക്രമേണ ആനന്ദാശ്രുക്കളുളവായി; ഉള്ളിൽ ഹൃദയമദ്ധ്യത്തിൽ ചിന്മയരൂപത്തെ ദർശിച്ചു തുടങ്ങി. ജഡസമാധിക്കുശേഷം രൂപദർശനവും ഉണ്ടായി. ശുകദേവൻ ഈശ്വരകോടിയത്രേ.

ഹനുമാൻ സാകാരവും നിരാകാരവും സാക്ഷാൽക്കരിച്ചശേഷം, ശ്രീരാമമൂർത്തിയിൽ നിഷ്ഠ വെച്ചിരുന്നു. ചിദ്ഘനാനന്ദമൂർത്തിയാണ് ആ രാമമൂർത്തി.

പ്രഹ്ലാദൻ ചിലപ്പോൾ സോഹം എന്നു ദർശിച്ചു; വീണ്ടും ചിലപ്പോൾ ദാസഭാവം വച്ചുകൊണ്ടിരുന്നു. സമാധിക്കു ശേഷവും ലോകത്തിൽ ഇരിക്കണമെന്നു വരികിൽ, ഭക്തിയല്ലാതെ മറ്റേതൊന്നിനെ വെച്ചു കൊണ്ടാണ് ഇരിപ്പാൻ കഴിയുക? അതിനാൽ സേവ്യസേവക ഭാവമാശ്രയിക്കേണ്ടി വരുന്നു—അങ്ങു പ്രഭു ഞാൻ ദാസൻ എന്ന ഭാവം. ഹരിരസാസ്വാദനത്തിനായിട്ട്. രസരസികഭാവം; ഹേ! ഈശ്വര! അങ്ങു * രസം. ഞാൻ രസികൻ.

* രസോ വൈ സഃ രസം ഹ്യേവായം ലബ്ധ്വാ ആനന്ദീഭവതി— തൈത്തിരീയോപനിഷത്ത്.

ഭക്തി അഹം, വിദ്യാ അഹം, ബാലകന്റെ അഹം—ഇവയിൽ ദോഷമില്ല. ശങ്കരാചാൎയ്യർ വിദ്യയുടെ അഹം വെച്ചുകൊണ്ടിരുന്നു—ലോകശിക്ഷാർത്ഥം. ബാലകന്റെ അഹം സംഗമില്ലാത്തതാണ്; ബാലകൻ ഗുണാതീതനാകുന്നു—ഒരു ഗുണത്തിനും വശനല്ല. ഇതാ ദേഷ്യപ്പെടുന്നു, അടുത്ത മാത്രയിൽ യാതൊന്നുമില്ല; ഇതാ കളിവീടു കെട്ടുന്നു, ഉടൻ അക്കഥയേ മറക്കുന്നു; ഇതാ ചങ്ങാതിമാരെ സ്നേഹിക്കുന്നു, അടുപ്പിച്ചു നാലുദിവസം കാണാതിരുന്നാൽ എല്ലാം മറക്കുന്നു. ബാലകൻ സത്വരജ:തമോഗുണങ്ങൾക്കൊന്നിനും വശനല്ല.

അങ്ങു ഭഗവാൻ, ഞാൻ ഭക്തൻ—എന്നതാണ് ഭക്തന്റെ ഭാവം-ഈ അഹം, ഭക്തിയുടെ അഹമെന്നു പറയാം. എന്തിനായിട്ടു ഭക്തിയുടെ അഹത്തിനെ വെച്ചുകൊണ്ടിരിക്കണം? അതിൽ സംഗതിയുണ്ട്. അഹം എന്നതു് തീരെ ഒഴിയുന്ന ഒന്നല്ല; അതിനാൽ ദാസന്റെ അഹം-ഭക്തന്റെ അഹം ഇരിക്കട്ടെ.

എത്രയെങ്കിലും തത്വവിചാരം ചെയ്തുകൊള്ളുക. എന്നാലും അഹം പോകയില്ല. അഹം കുംഭം പോലെ; ബ്രഹ്മം സമുദ്രം പോലെ. ജലത്തിൽ ജലം. കുംഭത്തിന്റെ അകത്തും പുറത്തും ജലം. ജലത്തിൽ ജലം. എങ്കിലും കുംഭം ഇല്ലാതായിട്ടില്ല. കുംഭമുണ്ട്. ഇതാണ് ഭക്തന്റെ അഹത്തിന്റെ സ്വരൂപം. കുംഭം ഉള്ളപ്പോൾ ഞാനും നീയും ഉണ്ട്. അങ്ങു ഭഗവാൻ, ഞാൻ ഭക്തൻ; അങ്ങു പ്രഭു, ഞാൻ ദാസൻ;—എന്നതു ഉണ്ടായിരിക്കും. എത്രയൊക്കെ തത്വവിചാരം ഉണ്ടായാലും ഇതു മാറുന്നതല്ല. കുംഭം ഇല്ലാതായാൽ ആ ഒരു കഥതന്നെ.

## അദ്ധ്യായം ൨.

നരേന്ദ്രൻവന്നുനമസ്കരിച്ചിട്ട് ഇരുന്നു. ശ്രീരാമകൃഷ്ണദേവൻ നരേന്ദ്രനുമായി വൎത്തമാനം പറയുന്നു. സംഭാഷണം ചെയ്തുചെയ്തു തറയിൽ വന്നിരുന്നു. തറയിൽ പായിട്ടിട്ടുണ്ട്. ഇതിന്നിടയ്ക്കു മുറി ജനസംപൂൎണ്ണമായി. ഭക്തന്മാരും ഉണ്ട്, പുറമെയുള്ളവരും ഉണ്ട്.

ശ്രീരാമകൃഷ്ണദേവൻ:—(നരേന്ദ്രനോട്) സുഖം തന്നെയോ? നീ കൂടെക്കൂടെ ഗിരീശചന്ദ്രഘോഷന്റെ ഗൃഹത്തിൽ പോകാറില്ലേ?

നരേന്ദ്രൻ:-ഉവ്വ്! ഇടയ്ക്കിടെ പോകും.

ഭഗവാൻ ശ്രീരാമകൃഷ്ണദേവന്റെ സമീപം ഗിരീശൻ ഏതാനും മാസങ്ങളായി വന്നുപോകാറുണ്ട്. ഭഗവാൻ പറഞ്ഞു-ഗിരീ

രിശന്റെ വിശ്വാസം മററാക്കും അനുകരിക്കാൻ എളുപ്പമല്ല." വിശ്വാസമെന്നപോലെതന്നെ പ്രേമവും ഉണ്ടു്. ഭവനത്തിൽ ശ്രീരാമകൃഷ്ണദേവന്റെ ചിന്തയിൽ സർവ്വദാ ഉന്മത്തനായിരിക്കുന്നു. നരേന്ദ്രൻ കൂടക്കൂടെ പോകാറുണ്ടു്; ഹരിപദനും ദേവേന്ദ്രനും മററനേകം ഭക്തന്മാരും അയാളുടെ വീട്ടിൽ പോകും. ഗിരിശൻ അവരോടു് ശ്രീരാമകൃഷ്ണദേവന്റെ കഥയേ സംസാരിക്കാറുള്ളൂ. ഗിരിശൻ സംസാരത്തിലാണു്. എന്നാൽ നരേന്ദ്രൻ സംസാരത്തിൽപ്പെടുകയില്ലെന്നു ശ്രീരാമകൃഷ്ണദേവൻ കാണുന്നു. കാമിനീകാഞ്ചനങ്ങളെ നരേന്ദ്രൻ ത്യജിക്കുമെന്നു തീർച്ചയുണ്ടു്. ഭഗവാൻ നരേന്ദ്രനുമായി സംഭാഷണം ചെയ്യുന്നു.

ശ്രീരാമകൃഷ്ണദേവൻ:–നീ ഗിരിശന്റെ വീട്ടിൽ കൂടെക്കൂടെ പ്പോകാറുണ്ടു്. ഇല്ലേ? എന്നാൽ വെള്ളുള്ളിവെച്ച പാത്രം എത്രയൊക്കെ കഴുകി വെടിപ്പാക്കിയാലും വാട കാണുകതന്നെ ചെയ്യും. കൊച്ചുകുട്ടികളാണു പരിശുദ്ധപാത്രങ്ങൾ; എന്തെന്നാൽ കാമിനീകാഞ്ചനം അവരെ സ്പർശിച്ചിട്ടില്ല; വളരെനാൾ കാമിനീകാഞ്ചനങ്ങളോടു കലർന്നിരുന്നാൽ വെള്ളുള്ളിവാട വരും.

കാക്കകൊത്തിയ മാങ്ങയെന്നപോലെ പറയാം. ഭഗവാനു അതു നിവേദിക്കാൻ പാടില്ല. തന്റെ ഉപയോഗത്തിനുതന്നെ എടുക്കുമോ എന്നാണു സംശയം. പുത്തൻ കലവും തയിരുറച്ച കലവും എന്നപോലെ. തയിരുറച്ച കലത്തിൽ പാലുവെക്കാൻ കൊള്ളുകയില്ല; പാലു ചീത്തയാകും.

അവരുടെ വകുപ്പു് (Class) ഒന്നു വേറെ. യോഗവും ഉണ്ടു്, ഭോഗവും ഉണ്ടു്. രാവണനെപ്പോലെയാണു്; അപ്സരസ്ത്രീകളെയും കിട്ടി, ശ്രീരാമനെയും കിട്ടി. ഇല്ലേ? അസുരന്മാർ ഭോഗസുഖങ്ങളും ആസ്വദിക്കുന്നു; ശ്രീനാരായണനെയും പ്രാപിക്കുന്നു.

നരേന്ദ്രൻ:–ഗിരിശൻ മുമ്പിലത്തെ കൂട്ടുകെട്ടൊക്കെ വിട്ടുകഴിഞ്ഞു.

ശ്രീരാമകൃഷ്ണദേവൻ:–പ്രായമായശേഷം വിതയുടച്ചതല്ലേ? ഞാൻ ബർഡ്വാനിൽ ഒരിക്കൽക്കണ്ടു. രണ്ടു വണ്ടിക്കാളകളിൽ രണ്ടും വിതയുടച്ചതായിരുന്നു. ഒന്നു പശുക്കളുടെ പുറകേപോയി. ഞാൻ വണ്ടിക്കാരനോടു ചോദിച്ചു. അയാൾ പറഞ്ഞു—ഇതിനെ കുറെ പ്രായമായതിനുശേഷമാണു് ഉടച്ചതു്; അതുകൊണ്ടു് പൂർവ്വസംസ്കാരം മാറീട്ടില്ല—എന്നു്.

ഒരു സ്ഥലത്തു കുറെ സന്ന്യാസിമാർ കൂടിയിരുന്നു. ഒരു സ്ത്രീ അതുവഴിക്കുപോയി. എല്ലാവരും ഈശ്വരചിന്ത ചെയ്യുകയായിരു

ന്നു. ഒരാളുമാത്രം അരക്കണ്ണിട്ടു നോക്കി. അയാൾ മൂന്നു കുഞ്ഞുങ്ങൾക്കു പിതാവായശേഷം സന്ന്യസിച്ചതാണ്.

വെളുത്തുള്ളി സൂക്ഷ്മവെച്ച വീട്ടിൽ നിന്നും വാട മാറുമോ? കാട്ടുതുളസിയിൽ മാങ്ങയുണ്ടാകുമോ? സിദ്ധിയുണ്ടെങ്കിൽ പററുകയില്ലെന്നില്ല, കാട്ടുതുളസിയിൽ മാങ്ങ പിടിക്കും. എന്നാൽ ആ സിദ്ധി സകലർക്കും ഉണ്ടാകുമോ?

സംസാരികൾക്കു അവസരമെപ്പൊഴാണു ഭഗവൽ ചിന്തക്ക്? ഒരാൾക്കു ഒരു ഭാഗവതവായനക്കാരനെ വേണ്ടിയിരുന്നു. അയാളുടെ സ്നേഹിതൻ തനിക്കൊരു ഉത്തമനായ പാരായണക്കാരനെ പരിചയമുണ്ടെന്നു പറഞ്ഞു. അയാൾ പറയുന്നു—“ഉത്തമ പണ്ഡിതൻ തന്നെ. പക്ഷെ ചെറിയൊരു കുഴപ്പമുണ്ട്. അയാൾക്കു കുറെയധികം നിലം പുരയിടം നോക്കാനുണ്ട്. നാലു കലപ്പയും എട്ടു ഉഴവുമാട്ടുകളും ഉണ്ട്. സർവ്വദാ അതു നോക്കാനെ നേരമുള്ളു. വിശ്രമം ഇല്ല.” ആവശ്യക്കാരൻ പറഞ്ഞു:—“നേരം കിട്ടാത്ത പണ്ഡിതനല്ല എനിക്കാവശ്യം. കലപ്പക്കാരനായ ഒരു പണ്ഡിതനെ എനിക്കാവശ്യമില്ല. എനിക്കു വേണ്ടതു്, ഭാഗവതം വായിച്ചു വ്യാഖ്യാനിക്കത്തക്ക ഒരാളേയാണ്.”

ഒരു രാജാവു ദിവസവും ഭാഗവതവായന കേട്ടുവന്നു. പണ്ഡിതൻ ദിവസം തോറും വായന തീൎന്നശേഷം എന്താ! മഹാരാജാവിനു മനസ്സിലായോ എന്നു ചോദിക്ക പതിവാണ്. രാജാവു “ആദ്യമേ അങ്ങു മനസ്സിലാക്കുക!” എന്നു് എന്നും മറുപടി പറയും. പണ്ഡിതൻ രാജാവിന്റെ ഈവിധമായ മറുപടിയെപ്പററി നല്ലപോലെ വീട്ടിൽച്ചെന്നു ആലോചിച്ചു. പണ്ഡിതൻ സാധന ഭജനകൾശീലിച്ചയാളായിരുന്നതുകൊണ്ടു് ക്രമേണ ബോധമുദിച്ചു. അപ്പോൾ ഹരിപാദപത്മമൊന്നുമാത്രമാണു സാരമെന്നും മററുള്ളതെല്ലാം മിഥ്യയെന്നും മനസ്സിലായി. സംസാരത്തിൽ വൈരാഗ്യം തോന്നി വെളിയിലിറങ്ങി. ഇപ്പോൾ തനിക്കു രാജാവിന്റെ വാക്യത്തിലെ ആശയം മനസ്സിലായെന്നു ഒരാളെപ്പറഞ്ഞറിയിക്കമാത്രം ചെയ്തു.

ഇതുകൊണ്ടു ഞാൻ ഇക്കൂട്ടരെ നിന്ദിക്കയാണോ? അല്ല. അപ്പോൾ ഞാൻ ബ്രഹ്മജ്ഞാനമെടുത്തിടുന്നു. അദ്ദേഹമാണു സകലവുമായിത്തീൎന്നിരിക്കുന്നതു്. സകലരും ശ്രീനാരായണൻ. സകലയോനിയും മാതൃയോനി. അപ്പോൾ വേശ്യക്കും, പതിവ്രതാശിരോമണിക്കും ഞാൻ യാതൊരുവിധമായ ഭേദവും കാണുന്നില്ല. എന്തിനു പറയുന്നു! മുതിരവാങ്ങാൻ വരുന്നവരാണു മിക്കപേരും. (സംസാരികൾക്കു നിസ്സാരവസ്തുവിലാണു പ്രേമം) കാമിനീകാഞ്ചന

ങ്ങളെ വിടാൻ മനസ്സില്ല. ജനങ്ങൾ സ്ത്രീകളുടെ രൂപവിലാസത്തിൽ മതിമറക്കുന്നു. രൂപയുടെ മിന്നക്കത്തിൽ മതിമറക്കുന്നു. എന്നാൽഇതറിയുന്നില്ല—ഈശ്വരൻെറ രൂപദൎശനം ലഭിച്ചാൽ ബ്രഹ്മപദവും തുഛമെന്നു തോന്നും.

രാവണനോടൊരാളിങ്ങനെ ചോദിച്ചു, "നീ എല്ലാ രൂപവുമെടുത്തു സീതയുടെ അടുക്കൽച്ചെന്നു മോഹിപ്പിക്കാൻ നോക്കിയല്ലോ. രാമരൂപം ധരിക്കരുതായിരുന്നുവോ?" രാവണൻെറ മറുപടി ഇങ്ങനെയായിരുന്നു:—"ശ്രീരാമരൂപം ഹൃദയത്തിൽ ഒരു പ്രാവശ്യംഉദിച്ചുപോയാൽ രംഭതിലോത്തമ തുടങ്ങിയവർ ചുടുകാട്ടു ചാമ്പലെന്നപോലെ തോന്നുന്നു. ബ്രഹ്മപദംതന്നെ നിസ്സാരമെന്നു തോന്നുന്നു. പിന്നീടാണോ, പരസ്ത്രീ!"

മിക്കവരും മുതിരവാങ്ങുന്നവരാണ്. ആധാരം ശുദ്ധമല്ലെങ്കിൽ ഈശ്വരനിൽ ശുദ്ധഭക്തിയുണ്ടാകയില്ല—ഏകാഗ്രത വരികയില്ല, മനസ്സ് പലെടത്തുമായി ചിതറിയിരിക്കും. (മനോമോഹനനോട് *) നീ ദേഷ്യപ്പെടുകയോ എന്തുചെയ്താലും ശരി. ഞാൻരാഖാലിനോടു പറഞ്ഞു—ഈശ്വരനെവേണ്ടി, രാഖാൽ! നീ ഗംഗയിൽ വീണു മരിച്ചാലും വേണ്ടില്ല; നീ വല്ലവരുടേയും ദാസനായിരിക്കുന്നു,ഉദ്യോഗത്തിലിരിക്കുന്നുഎന്നു എനിക്കുകേൾപ്പാൻ ഇടവരരുതു;എന്നു.

നേപാളത്തുകാരി ഒരു സ്ത്രീ വന്നിരുന്നു. നല്ല പാട്ടുകാരി. ഹരിനാമഗാനം ചെയ്തു. ആരോ അവളോടു വിവാഹമായോ എന്നു ചോദിച്ചു. അവളുടെ മറുപടി "ഇനിയും ആരുടെ ദാസിയാകണം? ഭഗവാൻെറ ദാസിയാണല്ലോ ഞാൻ" എന്നാണ്.

കാമകാഞ്ചനങ്ങളുടെ ഇടയിലിരുന്നുകൊണ്ടു എന്തു ചെയ്വാൻ കഴിയും? അനാസക്തമാകുക വളരെ പ്രയാസം. ഒരുവശത്തു പെണ്ണിൻെറ ദാസ്യം; ഒരു വശത്തു പണത്തിൻെറ ദാസ്യം; മററൊരു വശത്തു മേലുദ്യോഗസ്ഥൻെറ ദാസ്യം.

ഒരു ഫക്കീർ കാട്ടിൽ കുടിലുകെട്ടി പാൎത്തിരുന്നു. അക്ബർ ഡെൽഹിയെ ഭരിക്കുന്ന കാലമാണ്. ഫക്കീരിനെ കാണ്മാൻ വളരെപ്പേരു വരും. അവരെയെല്ലാം സൽക്കരിപ്പാൻ അയാൾക്കു വലിയ താല്പൎയ്യമുണ്ടായിരുന്നു പണമില്ലാതെ എങ്ങനെയാണു സൽക്കരിക്കുകയെന്നു അയാൾ ഒരുദിവസം വിചാരിച്ചു. അതുകൊണ്ടു അക്ബർ ബാദ്ഷായെച്ചെന്നു കണ്ടേക്കാമെന്നു തീൎച്ചപ്പെടുത്തി. സാധുക്കൾക്കും ഫക്കീർമാൎക്കും അക്ബറിൻെറ കൊട്ടാരം അവാരിതദ്വാരമായിരുന്നു. അക്ബർ അപ്പോൾ പ്രാൎത്ഥനയിലായിരുന്നു. ഫക്കീർ ആ ധ്യാനമുറിയിൽ കാത്തിരുന്നു. അക്ബർധ്യാനാവസാ

* രാഖാലിൻെറ പത്നിസഹോദരൻ.

നത്തിൽ "ഹേ! അള്ളാവേ! എനിക്കു ധനം തരണേ! രാജ്യം തരണേ!" എന്നും മററും പ്രാർത്ഥിച്ചു. ഇതുകേട്ടു ഫക്കീർ ആ മുറിയിൽ നിന്നും ഇറങ്ങിപ്പോകാൻ ഭാവിച്ചു. അക്ബർ ആംഗ്യം കൊണ്ടു ഫക്കീറിനെ ഇരിക്കാൻ പറഞ്ഞു. നിസ്കാരമൊക്കെക്കഴിഞ്ഞു് ചക്രവർത്തി എണീററു. എന്താണു പോകാൻ ഭാവിച്ചതെന്നു ചോദിച്ചു. അതു പറയത്തക്കവണ്ണമൊന്നുമില്ലെന്നു ഫക്കീർ പറഞ്ഞു. അക്ബർ വീണ്ടും നിർബന്ധിച്ചപ്പോൾ ഫക്കീർ പറഞ്ഞു:—"എൻെറ കുടിലിൽ പലരും വരുന്നുണ്ടു്. അതുകൊണ്ടു വല്ല ധനസഹായവും ഉണ്ടായാൽ കൊള്ളാമെന്നു വിചാരിച്ചു് ഇവിടെ വന്നതാണു്." പിന്നെന്താണു് പോകാൻ ഒരുമ്പെട്ടതു് എന്നു് അക്ബർ ചോദിച്ചു. ഫക്കീർ പറഞ്ഞു:—"അങ്ങും ഒരു ഭിക്ഷാർത്ഥിയാണെന്നു കണ്ടു. അതുകൊണ്ടു ഒരു ഭിക്ഷക്കാരനോടു യാചിച്ചിട്ടെന്തു ഫലമാണെന്നുതോന്നി. വേണമെന്നുണ്ടെങ്കിൽ അള്ളാവിൻെറ അടുക്കൽ ചോദിക്കതന്നെയെന്നു ഞാൻ നിശ്ചയിച്ചു."

നരേന്ദ്രൻ:—ഇപ്പോൾ ഗിരീശ്ചന്ദ്രഘോഷ് ഇത്തരം കാര്യങ്ങളൊക്കെയാണു ചിന്തിക്കുന്നതു്.

ശ്രീരാമകൃഷ്ണദേവൻ:—അയാൾ നല്ല മനുഷ്യനാണു്. എന്നാൽ വേണ്ടാത്ത ശകാരം കൊണ്ടു നാക്കു ദൂഷിപ്പിക്കുന്നതെന്തിനു? എനിക്കുആഅവസ്ഥയല്ല. നാഗസ്വരം വായിക്കുമ്പോൾ മുറിയിലെവലിയ സാമാനങ്ങൾ അത്രഇളകുകയില്ലാ; എന്നാൽ കുപ്പിയും മററുംകിട്ടും. എനിക്കു ആയവസ്ഥയല്ല. സത്വഗുണാവസ്ഥയിൽഒച്ചവെയ്ക്കും നിലവിളിയുംസഹിക്കുകില്ല. അതുകൊണ്ടാണു് ഹൃദയൻ പൊയ്പ്പോയതു്—അമ്മവെച്ചിരുന്നില്ല. ഒടുക്കമൊടുക്കം ഹൃദയൻെറ ഒച്ചപ്പാടു വർദ്ധിച്ചു. എന്നെ ശകാരിക്കാനും തുടങ്ങി.

ഗിരീശൻ പറയുന്നയഭിപ്രായം നിനക്കു യോജിപ്പായി തോന്നുന്നുവോ?

നരേന്ദ്രൻ:—ഞാൻ ഒന്നും പറഞ്ഞില്ല. അയാൾ പറഞ്ഞു അയാൾക്കു അവതാരമാണെന്നു വിശ്വാസമുണ്ടത്രേ. ഞാൻ അതിനൊന്നും പറഞ്ഞില്ല.

ശ്രീരാമകൃഷ്ണദേവൻ:— വലിയ വിശ്വാസമെന്നു കണ്ടു. അല്ലേ?.

ഭക്തന്മാർ ഒരേ നോട്ടമായി നോക്കിയിരിക്കുന്നു. ഭഗവാൻ താഴത്തെ പായിൽ ഇരിക്കുന്നു. അടുത്തു മാസ്റ്റർ, മുന്നിൽ നരേന്ദ്രൻ, ചുററും ഭക്തന്മാർ.

ഭഗവാൻ അല്പം മൌനമായിരുന്നശേഷം സസ്നേഹം നരേന്ദ്രനെ നോക്കുന്നു. കുറെക്കഴിഞ്ഞു നരേന്ദ്രനോടു പറയുന്നു:—"കുഞ്ഞേ!

കാമിനീകാഞ്ചനങ്ങളെ ത്യജിച്ചില്ലെങ്കിൽ കിട്ടുകയില്ല". ഇപ്രകാരം പറഞ്ഞു കൊണ്ടുതന്നെ ഭാവപൂർണ്ണനായിത്തീൎന്നു. ആ കരുണാപൂർണ്ണമായ സസ്നേഹദൃഷ്ടിയോടുകൂടി ഭാവോന്മത്തനായി പാടുന്നു:—

"കഥാ ബൽതേ ഡരാഇ നാ ബൽലേ ഓ ഡരാഇ
മനേസന്ധഹയ പാഛേ തോമാധനേ ഹാരാഇഹാരാഇ,
ആമരാ ജാനി യേ മനതോർ
ദിവ തോകേ സേഇമനതോർ
ഏഖൻമനതോർ;ആമരാ യേ മന്ത്രേ വിപദേതരിതരാഇ"

<u>അർത്ഥം.</u> കാര്യം പറയാനും ഞങ്ങൾ ഭയപ്പെടുന്നു, പറയാതിരിപ്പാനും ഭയപ്പെടുന്നു. ഹാ! രാധേ! പക്ഷേ നീയാകുന്ന ധനത്തിൽ നിന്നും ഞങ്ങൾ വഞ്ചിതരായേക്കുമോ എന്നു ശങ്കിക്കുന്നു. നിന്റെ മനോഗതി എങ്ങനെയെന്നു ഞങ്ങൾക്കറിയാം. ഞങ്ങൾ യാതൊരു മന്ത്രത്താൽ ആപത്തിനെ തരിക്കയും തരിപ്പിക്കയും ചെയ്യുന്നുവോ ആ മന്ത്രം നിനക്കു തരാം.

ശ്രീരാമകൃഷ്ണദേവന് നരേന്ദ്രൻ പക്ഷേ തന്റെതല്ലാതെ മററു വല്ലവരുടേയുമായേക്കുമോ എന്നു ഭയമുണ്ട്. നരേന്ദ്രൻ അശ്രുപൂർണ്ണാകുലേക്ഷണനായി നോക്കിയിരിക്കുന്നു. R. 1020

വെളിയിൽ നിന്നൊരു ഭക്തൻ വന്നിട്ടുണ്ടായിരുന്നു. അയാളും അടുത്തിരുന്ന് ഇതെല്ലാം കേട്ടു.

ഭക്തൻ:— ഭഗവൻ! കാമിനീകാഞ്ചനത്തെ ത്യജിക്കണമെന്ന് അവിടുന്നു പറയുന്നു. എന്നാൽ ഗൃഹസ്ഥൻ എന്തു ചെയ്യും?

ശ്രീരാമകൃഷ്ണദേവൻ:— അതു നീ ചെയ്യേണ്ട. അങ്ങനെ പറഞ്ഞുപോയെന്നു മാത്രം.

മഹിമാചരണൻ മിണ്ടാതിരിക്കുന്നു. മൗനം.

ശ്രീരാമകൃഷ്ണദേവൻ:— (മഹിമാചരണനോട്) മുന്നോട്ടു പോകുക! ഇനിയും മുന്നോട്ടു പോകുക! ചന്ദനമരം കിട്ടും. വീണ്ടും മുന്നോട്ടുപോകു! സ്വർണ്ണഖനി കിട്ടും. പിന്നെയും മുന്നോട്ടുപോകുക. രത്നങ്ങളും വജ്രങ്ങളും കിട്ടും.

മഹിമാചരണൻ:–ഉവ്വ്! ബന്ധനം കിടക്കുന്നു, മുന്നോട്ടുവിടുന്നില്ല.

ശ്രീരാമകൃഷ്ണദേവൻ:– (സഹാസ്യം) എന്ത് കത്രികയില്ലേ. ഭഗവദ്ഗുണകീർത്തനമാകുന്ന ആയുധം. കാലീനാമത്താൽ കാലപാശം അററുപോകും.

നരേന്ദ്രൻ പിതാവിന്റെ മരണശേഷം കുടുംബസംബന്ധമായി വളരെ കഷ്ടപ്പെട്ടുന്നു. വലിയ വിഷമങ്ങൾ ബാധിച്ചിരിക്കുന്നു. ഭഗവാൻ കൂടെക്കൂടെ നരേന്ദ്രനെ നോക്കുന്നു. "നീ ഇപ്പോൾ വൈദ്യനായിപ്പോയി. ഇല്ലേ? "ദശമാരീഭവേദ് വൈദ്യ:ശതമാരീ ചികിത്സക:" എന്നു പ്രമാണമില്ലേ? (എല്ലാവരും ചിരിക്കുന്നു) [അഛൻ മരിച്ചാൽ, അവൻ അഛനെക്കൊന്നു എന്ന് അവന്റെ ഗൃഹപ്പിഴയെ ഊന്നി ചിലർ പറയാറുള്ളപോലെ] ഭഗവാൻ പറഞ്ഞതിന്റെ സാരം, നരേന്ദ്രനു ഈ പ്രായത്തിനിടയ്ക്കു് എത്രദുഃഖം കാണാനും കേൾക്കാനും ഇടവന്നുപോയെന്നതാണു്. സുഖദുഃഖങ്ങളുമായി വളരെ ഇടപെടേണ്ടിവന്നു എന്നു താല്പര്യം.

നരേന്ദ്രൻ ആശയമറിഞ്ഞു ചിരിച്ചുകൊണ്ടു മിണ്ടാതിരുന്നു.

---

# ശ്രീശാണ്ഡില്യകൃതഭക്തിസൂത്രം.

സൂത്രം ൮൨.

മഹാപാതകിനാംത്വാർത്തൗ.

മഹാപാതകികളുടെ ഭക്തി ആർത്തന്മാരുടെ ഭക്തിക്കു തുല്യം പരിഗണിക്കപ്പെട്ടിരിക്കുന്നു.

വ്യാഖ്യാനം— മഹാപാപികൾക്കു് ഭക്തിഉണ്ടാകുന്നുവെങ്കിൽ അവരും ക്രമത്തേ അതിലംഘിക്കുന്നതായാൽ പരമപദം പ്രാപിക്കുമെന്നു് ശാണ്ഡില്യമഹർഷിയ്ക്കു് അഭിപ്രായമില്ല. യാവചിലർക്ക് അഹേതുകമായ ഭക്തി ഉദിക്കുന്നു അവർക്കു വേണ്ടിയത്രേ ഭഗവാൻ "അപിചേൽ സുദുരാചാരോ" (ഗീ. ൯, ൩൦) ഇത്യാദി വാക്യം ഉപദേശിച്ചിരിക്കുന്നതു്. എന്നാൽ, യാവചിലർ പാപത്തിന്റെ പശ്ചാത്താപത്താൽ ഭഗവാനേ ഭജിക്കുന്നു, അവർ ധർമ്മ കർമ്മങ്ങളുടെ ക്രമത്തേ ഉല്ലംഘിക്കാൻ അധികാരികളല്ല. അവർ ക്രമേണ നിഷ്കാമ കർമ്മം മുതലായവയെ അവശ്യം അനുഷ്ഠിക്കണം. അതിനുശേഷം അന്തഃകരണംനിർമ്മലമായാൽ പരാഭക്തിയുടെ പ്രകാശം ഉണ്ടാകും. മഹാ പാപികൾക്കും പ്രാണനാശകമായ പ്രായശ്ചിത്തം കൂടാതെ പാപത്തിനായിട്ടു് പശ്ചാത്തപിച്ചു് ഭഗവാന്റെ നാമസ്മരണം നാമകീർത്തനം മുതലായവയാൽ പാപരഹിതരായിട്ടു് ക്രമേണ അനന്യമായ ഭക്തിസമ്പാദിക്കാൻ കഴിയും. ഇതത്രേ ഭഗവൽ കൃപയുടെ മഹിമ.

സൂത്രം. 83.

സൈകാന്ത ഭാവോഗീതാത്ഥ പ്രത്യഭിജ്ഞാനാൽ.

പരാഭക്തിയുടെ നാമം തന്നെയാണ് ഏകാന്തഭാവം. എന്തെന്നാൽ ഗീതയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

വ്യാഖ്യാനം—"അനന്യാശ്ചിന്തയന്തോമാം"(ൻ, ൨൨)"യോമാംപശ്യതിസവ്വത്ര"(ന്ന, ന്മം) "മന്മനാഭവമത്ഭക്തോ" (ൻ,൩൪) "മൽക്കൎമ്മകൃന്മൽ പരമോ മത്ഭക്ത:" (ഫഫ, ൫൫) "യേതുസവ്വാണി കമ്മാണിമയി സന്ന്യസ്യമൽപരാ:" (ഫ൨, ന്ന) "തമേവശരണംഗച്ഛ" (ഫവ്യ, ന്വ) "സവ്വധമ്മാൻ പരിത്യജ്യ"(ഫവ്യ, ന്ന്ന) ഇത്യാദി ഭഗവദ്വാക്യങ്ങൾ ഇതിന്നു പ്രമാണമാകുന്നു.

സൂത്രം. 84.

പരാംകൃത്വൈവസർവ്വേഷാംതഥാഹ്യാഹ.

ഗീതവാക്യങ്ങൾ പരാഭക്തിയേ ലക്ഷീകരിച്ചാകുന്നു.

വ്യാഖ്യാനം. ഭഗവാൻ ഗീതയിൽ കമ്മം, ഭക്തി, (ഉപാസനാ) ജ്ഞാനം എന്നീ മൂന്നുവിധത്തിലുള്ള വിഷയങ്ങളെയും യഥായോഗ്യം ചേത്തിരിക്കുന്നു. എന്നാൽ, ശാണ്ഡില്യമഹർഷിയുടെ അഭിപ്രായത്തിൽ ഗീതയിൽ പറയപ്പെട്ടിട്ടുള്ള എല്ലാ വാക്യങ്ങളും പരാഭക്തിക്ക് പോഷകങ്ങളെന്നാകുന്നു. "അഹംത്വാസർവ്വപാപേഭ്യോ" (ഗീത. ഫവ്യ, ന്നന്ന) ഈ ശ്ലോകത്തിൽ "അഹം" എന്നും "ത്വാ" എന്നും രണ്ടു പദങ്ങളെ വെവ്വേറായി പ്രയോഗിച്ചിരിക്കുന്നതു കൊണ്ട് ഭഗവാൻ അജ്ജുനനേ ഭക്തിയുടെ മാഗ്ഗത്തിലേക്കുപ്രേരിപ്പിച്ചു. ഇപ്രകാരമത്രേ മഹർഷിയുടെ ധാരണ. കമ്മം ഭക്തിയുടെ ഉപദാനവും താദാത്മ്യജ്ഞാനം ഭക്തിയുടെ പരമകാഷ്ഠയുമാകുന്നു. ഗീതയുടെ ആദ്യത്തേ ആറദ്ധ്യായത്തിൽ "ഗൌണീഭക്തി" (കമ്മം) യും, രണ്ടാമത്തേ ആറദ്ധ്യായത്തിൽ ഭക്തിയുടെ,ഉദയവും (ഉപാസനയും) മൂന്നാമത്തെ ആറദ്ധ്യായത്തിൽ "പരാഭക്തി"യും (ജ്ഞാനവും) വിവരിക്കപ്പെട്ടിരിക്കുന്നു. എപ്രകാരമെന്നാൽ—"ഭക്തിംമയിപരാംകൃത്വാമാമേ വൈഷ്യത്യസംശയം" (ഗീ. ഫവ്യ, ന്വ) അവൻ (സാധകൻ) എന്നിൽ പരമഭക്തനായിട്ട് നിശ്ചയമായും എന്നേ പ്രാപിയ്ക്കും. അതിൽ സന്ദേഹമില്ല. എന്തെന്നാൽ ഭക്തിയുണ്ടായാൽ ബ്രഹ്മപദപ്രാപ്തി (കൈവല്യമുക്തി)ഉണ്ടാകുന്നു. "പരാഭക്തി- കമ്മം, ഉപാസന, ജ്ഞാനം മുതലായ സമസ്തസാധനകളുടേയും പരിണാമഫലമാകുന്നു. ജ്ഞാനത്തിന്റെ പരിപാകാവസ്ഥയുടെ (അപരോക്ഷജ്ഞാനത്തിന്റെ) നാമമത്രേ പ

രാഭക്തി. വിധ്യനുസൃതമായ കർമ്മാനുഷ്ഠാനത്താൽ നിഷ്ഠ ലഭിക്കുന്നു, നിഷ്ഠയിൽ നിന്നും ശ്രദ്ധ അഥവാ ഗൌണീഭക്തി ഉണ്ടാകുന്നു. ഗൌണീഭക്തി മൂലേന ഈശ്വരോപാസനയും തദ്വാരാ ചിത്തശുദ്ധിയാൽ ജ്ഞാനവും ലഭിക്കുന്നു. ജ്ഞാനത്താൽ മുക്തിയും ഈശ്വരസാക്ഷാൽക്കാരവും സിദ്ധിക്കുന്നു. ഈശ്വരസാക്ഷാൽക്കാരമുണ്ടായാൽ സാധകനു് അദ്ദേഹത്തിൻെറ ദയാദൃഷ്ടി ഉണ്ടാകുന്നു. ഈ കൃപാദൃഷ്ടിയിൽ നിന്നുതന്നെ പരാഭക്തിയുടെ ഉദയം ഉണ്ടാകുന്നു.

---

# തൃതീയാദ്ധ്യായം.

## പ്രഥമാഹ്നികം.

### സൂത്രം 85.

ഭജനീയേനാദ്വിതീയമിദം കൃത്സ്നസ്യതത്സ്വരൂപത്വാൽ.

ഇവയെല്ലാം ഈശ്വരസ്വരൂപമാകുന്നു—വികാസമാകുന്നു; എന്തെന്നാൽ സമസ്തവും അതിൽ നിന്നു് അനന്യം—അസ്വതന്ത്രമാകുന്നു.

വ്യാഖ്യാനം—സംസാരത്തേ അസത്തു് (അസത്യം) എന്നുപറഞ്ഞിട്ടുള്ളവരുടെ അഭിപ്രായത്തിലുള്ള ദോഷത്തേ ഈ സൂത്രം മൂലേന ശാണ്ഡില്യമഹർഷി കാണിച്ചിരിക്കുന്നു. ഭഗവാൻ സച്ചിദാനന്ദസ്വരൂപൻ, അദ്ദേഹത്തിൻെറ സത്തയുടെ വികാസത്തിൽ ജഗത്തുപ്രകാശിക്കുന്നു. അദ്ദേഹത്തിൽ നിന്നു് അന്യമായ യാതൊന്നും ഇല്ലതന്നെ. എല്ലാ ജീവന്മാരും അദ്ദേഹത്തിൻെറ ആനന്ദാംശത്തിനു് അധികാരികളാവാൻ അശക്തരായിട്ടു് പല പ്രാപഞ്ചികവിഷയങ്ങളിൽ ആമഗ്നരാകുന്നു. ആ സച്ചിദംശമായ ജീവനു് ആനന്ദം നല്കുന്നതിനായി കൂടക്കൂടെ അദ്ദേഹം സച്ചിദാനന്ദവിഗ്രഹത്തേ സ്വീകരിച്ചിരിക്കുന്നു. അസത്തായിട്ടു് യാതൊരു വസ്തുവും ഇല്ല. ശ്രുതിയിലും ബ്രഹ്മത്തിൻെറ ജഗദാകാരത ഇപ്രകാരം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

"യതോ വാ ഇമാനി ഭൂതാനിജായന്തേ, യേന
ജാതാനിജീവന്തി, യൽപ്രയന്ത്യഭിസംവിശന്തി"

(തൈത്തിരീയം ന-൧-൧)

ഏതൊന്നിൽ നിന്നു് ജീവികൾ ജനിക്കുന്നു. ജനിച്ചശേഷം ഏതൊന്നിനാൽ ജീവിക്കുന്നു, പരിണാമത്തിൽ ഏതൊന്നിൽ പ്രവേശിക്കുന്നു—അതായതു്, ദേവദാനവമനുഷ്യപശുപക്ഷികീടപതങ്ഗാദികൾ അഥവാ-സ്വേദജ-ഉത്ഭിജ-അണ്ഡജ-ജരായുജങ്ങ

ൾ-അഥവാ-ചേതനാചേതനങ്ങളായ സമസ്തവും അതിൽനിന്നുതന്നെ ഉൽപന്നമാകുന്നു, അതിനാൽ തന്നെ സ്ഥിതിചെയ്യുന്നു, വീണ്ടും ആ സത്തയിൽ തന്നെ വിലയം പ്രാപിക്കുന്നു.

സൂത്രം 86.

തച്ഛക്തിർമ്മായാജഡസാമാന്യാൽ.

ഈശ്വരന്റെ ശക്തിയുടെ പേർ, മായ; അതു് ചൈതന്യത്തിൽ നിന്നു വേറാകുമ്പോൾ ജഡം പോലാകുന്നു.

വ്യാഖ്യാനം. ജഗത്തിനെ മായയെന്നു വ്യാഖ്യാനിച്ചവരെ ഈ സൂത്രത്താൽ ദോഷാരോപണം ചെയ്യുന്നു. മായയെന്നതു് ഈശ്വരനിൽ നിന്നു് അന്യമായ ഒരുവസ്തുവല്ല, അദ്ദേഹത്തിന്റെ വിചിത്രമായ ശക്തിയുടെ നാമം മാത്രമാകുന്നു മായ. എന്നാൽ ജഗത്തിനെ ഈശ്വരശക്തിയുടെ വികാസമെന്നു പറയാതെ മായയ്ക്കു് സ്വാതന്ത്ര്യം കല്പിച്ചു് ജഗത്തിനെ ഈശ്വരനിൽ നിന്നു വേറാക്കുവാൻ ശ്രമിക്കുന്നതു് വൃഥാശ്രമം മാത്രമാകുന്നു.

സൂത്രം 87.

വ്യാപകത്വാദ്വ്യാപ്യാനാം.

വ്യാപകന്റെ (ഈശ്വരന്റെ) സത്യത്വം കൊണ്ടു് വ്യാപ്യവും (ജഗത്തും) സത്യമാകുന്നു.

വ്യാഖ്യാനം— സച്ചിദാനന്ദത്തിന്റെ സദംശം ചിദംശത്തിലും ചിദംശം ആനന്ദാംശത്തിലും വ്യാപ്തമായിരിക്കുന്നു. സ്വർണ്ണനിർമ്മിതമായ കുണ്ഡലം സ്വർണ്ണമല്ലാതെ മറ്റൊന്നുമാകാത്തതു പോലെ ഈശ്വരന്റെ സത്തകൂടാതെ ജഗത്തിനു് വേറെ അസ്തിത്വമേ ഇല്ല. സ്വർണ്ണത്തിന്റെ വസ്തുശക്തിയത്രേ കുണ്ഡലത്തിന്റെ ആകൃതിവിശേഷത്തിനു കാരണം. അപ്രകാരം ഈശ്വരന്റെ സ്വതസ്സിദ്ധമായ ശക്തിയാൽ തന്നെ ജഗത്തിന്റെ വൈചിത്ര്യബോധമുണ്ടാകുന്നു.

സൂത്രം 88.

നപ്രാണിബുദ്ധിഭ്യോ ऽ സംഭവാൽ.

ഈ വിശ്വപ്രപഞ്ചം ഒരു പ്രാണിയുടെയും ബുദ്ധികല്പിതമല്ല, എന്തെന്നാൽ, അതു് സംഭവ്യമല്ല.

വ്യാഖ്യാനം—മിഥ്യാവാദത്തെയും മായാവാദത്തെയും നിരാകരിച്ചിട്ടു് ഇപ്പോൾ നാസ്തികവാദത്തേ നിരാകരിക്കുന്നു. നാസ്തികന്മാർ മനുഷ്യബുദ്ധിക്കു് അതീതമായ പദാർത്ഥത്തേ അഥവാ ശക്തിയേ വിശ്വസിക്കുന്നില്ല. ഏതൊരു ശക്തിയാൽ ജഗത്തു് വിരചിക്കപ്പെട്ടിരിക്കുന്നു, സൂക്ഷ്മാതിസൂക്ഷ്മമായ അതു് മനുഷ്യബുദ്ധിയ്ക്കു് അഗമ്യമാകുന്നു.

ഹേ നാസ്തിക! നിൻെറ ബുദ്ധിയുടെ ശക്തിക്കുറവു നിമിത്തം അന്ധൻെറ സൂക്ഷ്മദർശനംപോലെ ഈശ്വരൻെറ ശക്തിയേ അറിവാൻ കഴിയുന്നില്ല. അതുകൊണ്ടു് വിദ്വാന്മാർ അതിനേ സ്വീകരിക്കാതിരിക്കുമോ? ഏതൊന്നിൻെറ സത്തയാൽ പ്രാണികളുടെ ബുദ്ധിവൃത്തികൾ വ്യാപരിക്കപ്പെടുന്നു—"ധിയോ യോനഃ പ്രചോദയാത്"(ബൃഹദാരണ്യകം ൬-൩-൬: മഹാനാരായണം, ൧൭-൨; മൈത്രി, ൬-൭)ജ്ഞാനശക്തിയേ പ്രകാശിപ്പിക്കുന്ന ആ ഈശ്വരൻെറ അസ്തിത്വത്തേ നിശ്ചയമായും അംഗീകരിയ്ക്കുതന്നെവേണം.

സൂത്രം 89.

നിർമ്മായോച്ചാവചംശ്രുതീശ്ചനിർമ്മിമീതേപിതൃവത്.

ഉച്ചനീചങ്ങളായ സകല ഭൂതങ്ങളേയും നിർമ്മിച്ചശേഷം പിതാവിനേപ്പോലെ വേദത്തേ പ്രകാശിപ്പിച്ചു.

<u>വ്യാഖ്യാനം</u>—പുത്രനുണ്ടായാൽ പിതാവു് അവൻെറ വിദ്യാഭ്യാസത്തിനു വേണ്ട വ്യവസ്ഥ ചെയ്യുന്നതുപോലെ ഈശ്വരൻ തൻെറ അംശത്തിൽ ജഗത്തിനെ നിർമ്മിച്ചശേഷം ജീവന്മാരുടെക്ഷേമത്തിനായിട്ടു് വേദത്തെ നിർമ്മിച്ചു. ലോകത്തിൽ ധർമ്മാർത്ഥകാമമോക്ഷങ്ങളെ സാധിക്കുന്നതിനു വേണ്ടി പ്രവൃത്തി നിവൃത്തികളെന്ന ഭേദത്തിൽ വേദം മുതലായ ശാസ്ത്രങ്ങളിൽ പരാവിദ്യയുടേയും അപരാവിദ്യയുടേയും സമസ്ത ഉപദേശങ്ങളും പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. അതിനാൽ ഈശ്വരൻെറ സന്താനങ്ങളായ സ്ത്രീപുരുഷന്മാർ ശാസ്ത്രാദേശങ്ങളെ പാലനം ചെയ്താൽ ജീവിതം സാർത്ഥകമാകും.

സൂത്രം 90.

മിശ്രോപദേശാന്നേതിചേന്നസ്വല്പത്വാൽ.

അതിൽ മിശ്രോപദേശം ഉണ്ടെന്നു സംശയിക്കരുതു്. എന്തെന്നാൽ അതു് തുലോം അല്പമാത്രമാകുന്നു.

<u>വ്യാഖ്യാനം</u>—വേദത്തിൽ ഈശ്വരവാക്യങ്ങളല്ലാതെ യാഗയജ്ഞാദികർമ്മങ്ങളുടെ ബാഹുല്യവുമുണ്ടു്. അതുകൊണ്ടു് അവ ഈശ്വരപ്രോക്തമല്ലെന്നു പറയുന്നെങ്കിൽ അതിനെക്കുറിച്ചു് ശാണ്ഡില്യമുനി ഇപ്രകാരം പറയുന്നു. ചിത്തശുദ്ധികരങ്ങളായ കർമ്മാനുഷ്ഠാനങ്ങളില്ലാതിരുന്നാൽ ഈശ്വരഭാവങ്ങളെ അറിവാൻ ശക്തിയുണ്ടാകയില്ല. ഏററവും ആവശ്യമായതുകൊണ്ടു് മാത്രമാണു് അതുപറയപ്പെട്ടിട്ടുള്ളതു്. പറയപ്പെട്ടിട്ടുള്ളതും വളരെ കുറച്ചു മാത്രമാകുന്നു. ശാസ്ത്രങ്ങളിൽ പറയപ്പെട്ടിട്ടുള്ള ഹിംസാജനകങ്ങളും സകാമങ്ങളുമായ കർമ്മങ്ങളെക്കുറിച്ചുള്ള ഉപദേശങ്ങളെല്ലാം രജോഗുണവും തമോഗുണവുമുള്ള മനുഷ്യർക്കുവേണ്ടി വിധിക്കപ്പെട്ടിട്ടുള്ളതാകുന്നു, ശാസ്ത്രനിർദ്ദിഷ്ടമായ രീതിയിൽ അവരവരുടെ അധികാര

മനുസരിച്ച് കർമ്മങ്ങളനുഷ്ഠിക്കുന്നതായാൽ ക്രമേണ രജസ്തമസ്സുകൾ ക്ഷീണങ്ങളായിട്ട് സൽബുദ്ധി പ്രകാശിക്കുന്നു. സ്വേച്ഛാചാരിയല്ലെങ്കിൽ ശാസ്ത്രോക്തമായ സകാമകർമ്മം അനുഷ്ഠിച്ചാലും പ്രവൃത്തി വളരെ മടങ്ങു കുറയുവാനിടയാകും.

സൂത്രം 91.

ഫലമസ്മാദ്ബാദരായണോദൃഷ്ടത്വാൽ.

കർമ്മത്തിന് ഫലം നൾകാൻ ശക്തിയില്ല. ഈശ്വരനത്രേ കർമ്മഫലത്തെ ദാനം ചെയ്യുന്നത്. ഇപ്രകാരം കണ്ടുവരുന്നു എന്ന് ബാദരായണൻ പറയുന്നു.

വ്യാഖ്യാനം—സേവ മുതലായവകൊണ്ട് രാജാവിനെ പ്രീതനാക്കിയാൽ അദ്ദേഹത്തിൻെറ സന്നിധിയിൽ നിന്നല്ലാതെ മററ് ആരുടെ പക്കൽ നിന്നും യാതൊന്നും ആഗ്രഹിക്കുവാൻ പാടില്ല. സജ്ജനങ്ങൾ ഈശ്വരപ്രീതിക്കായിട്ട് കർമ്മങ്ങളനുഷ്ഠിക്കുന്നു. ആ സകല കർമ്മങ്ങൾക്കും ഫലം നൾകുന്നത് ഈശ്വരനാകുന്നു. കർമ്മം ഫലത്തിൻെറ ജനയിതാവെന്നല്ലാതെ ദാതാവല്ല. ഈശ്വരപ്രഭാവത്താൽ അനാദികാലം മുതൽ ജീവന്മാർ ശുഭാശുഭങ്ങളായ കർമ്മങ്ങൾ ചെയ്യുന്നു. അദ്ദേഹത്തിൻെറ ശക്തിയാൽ തന്നെ അവരുടെ കർമ്മങ്ങൾക്കൊത്ത ഫലവുമുണ്ടാകുന്നു. ഈശ്വരൻെറ ശക്തി കൂടാതെ കർമ്മാനുഷ്ഠാനമോ കർമ്മഫലലാഭമോ ഉണ്ടാകയില്ല. ജീവന്മാർ അദ്ദേഹത്തിൻെറ ആശ്രയത്താൽ നിമിത്തം മാത്രമായിട്ട് സ്വസ്വകർമ്മങ്ങളുടെ ഫലമനുഭവിക്കുന്നു.

സൂത്രം 92.

വ്യുൽക്രമാദപ്യയസ്തഥാദൃഷ്ടം

വിലോമരീതിയിൽ ലയമുണ്ടാകുന്നു. അപ്രകാരം കാണപ്പെടുന്നു.

വ്യാഖ്യാനം— അനുലോമരീതിയിൽ സൃഷ്ടിതത്വത്തിൻെറ പ്രകാശനം ഉണ്ടാകുന്നു. ബ്രഹ്മത്തിൽ നിന്ന് പ്രകൃതി, പ്രകൃതിയിൽ നിന്നു മഹത്തത്വം; ഇപ്രകാരം യഥാക്രമം ആകാശത്തിൽ നിന്നു വായു, വായുവിൽ നിന്നു തേജസ്സ്, തേജസ്സിൽ നിന്നു ജലം, ജലത്തിൽ നിന്നു ഭൂമി മുതലായവയുടെ സൃഷ്ടിപ്രവാഹം നടക്കുന്നു. എന്നാൽ, ലയമാകുമ്പോൾ ഭൂമി ജലത്തിലും, ജലം തേജസ്സിലും, തേജസ്സ് വായുവിലും, വായു ആകാശത്തിലും ഇപ്രകാരം വിലോമരീതിയിൽ സമസ്തവും ബ്രഹ്മത്തിൽ വിലയം പ്രാപിക്കുന്നു. ശാസ്ത്രത്തിലും ഇപ്രകാരം കാണുന്നു. "യതോ വാ ഇമാനിഭൂതാനി ജായന്തേ യൽ പ്രയന്ത്യഭിസംവിശന്തി" (തൈത്തിരീയം ൩-൧-൧) ഇതുമൂലം ബീജസ്വരൂപത്തിൽ ജഗത്തു് നിത്യമെന്നു പ്രമാണീകരിക്കുന്നു.

# പ്രേമാനന്ദസ്വാമികളുടെ ഒരു കത്ത്.

ശ്രീരാമകൃഷ്ണമഠം—ബേലൂർ.
൧൯൧൬—ഡിസംബർ ൧൪-ാം തീയതി.

പ്രിയശ—നിന്റെ എഴുത്ത് യഥാസമയം വന്നുചേൎന്നു. നിന്റെ ആൎജ്ജവവും ഭക്തിയും കൊണ്ടു് ഞങ്ങൾ വളരെ സന്തുഷ്ടരായിരിക്കുന്നു. നിന്റെ മേൽവിലാസമറിവാൻ പാടില്ലായ്കയാലായിരുന്നു ഇതേവരെ എഴുതി അയയ്ക്കാഞ്ഞതു്. ശ്രീമഹാരാജിനെ (ശ്രീമൽബ്രഹ്മാനന്ദസ്വാമികളെ) ദർശിക്കാതെ പോയതു് വലിയ ഒരു തെററുതന്നെ. അദ്ദേഹം നിന്നെ വളരെ സ്നേഹിക്കുന്നു, കൂടെക്കൂടെ സ്മരിക്കുന്നുമുണ്ടു്.

മിഷനിലെ അനേകം ബ്രഹ്മചാരികളും സന്യാസിമാരും മഠത്തിൽ വന്നുചേരുന്ന ഈ അവസരത്തിൽ നീ ഇവിടെ ഇരുന്നാൽ കൊള്ളാമെന്നു് ആഗ്രഹിക്കയും ചെയ്യുന്നു. ഞങ്ങൾ നിന്റേതും നീ ഞങ്ങളുടേതും ആകുന്നു. നീ മാതാപിതാക്കന്മാരേ കാണ്മാൻ പോയതു് വളരെ നല്ലതുതന്നെ. ഒരു കാരണത്താലും നീ വിവാഹത്തിൽ പെട്ടു എന്നു് വരാതെ സൂക്ഷിച്ചുകൊള്ളണം. എന്തെന്നാൽ ലോകത്തിൽ വരാവുന്ന ഏററവും വലിയ ബന്ധനം ഇതുതന്നെയാണു്. കഴിയുന്നതും വേഗം തിരിച്ചു വരണം. വൃഥാ അലഞ്ഞു നടന്നതുകൊണ്ടു് ഫലം എന്തു? ഇതു് (മഠം) നിന്റെ ഭവനംതന്നെ. എപ്പോൾ തോന്നുന്നുവോ അപ്പോൾ ഇവിടെ വരാം. അടുത്തുള്ള ഗ്രാമവാസികളിൽ ഇവിടെ വരുന്നവർ നിന്റെ ക്ഷേമത്തെപ്പററി ചോദിക്കുന്നു. നിന്നെ അവൎക്കു് അത്ര വളരെ ഇഷ്ടമാണു്. എന്റെ കുഞ്ഞേ! വേഗം മടങ്ങിവരു! ഇവിടെ വന്നു യഥാർത്ഥ സാധുവിന്റെ ജീവിതം നയിക്കൂ. ജീവിതലക്ഷ്യം ഈശ്വരദർശനമാണു—ഈശ്വരനെ (ഭഗവാനെ) സ്നേഹിക്കുകയും ശുദ്ധപ്രേമത്തിൽ അദ്ദേഹവുമായി ഐക്യപ്പെടുകയുമാണു്. മററുദ്ദേശങ്ങളെല്ലാം നിഷ്പ്രയോജനങ്ങളാണു്. നീ വളരെ ദൂരെയിരിക്കുന്നു എന്നതുകൊണ്ടു് ഞങ്ങളുടെ സ്നേഹത്തിനു് ഭംഗം വന്നുപോയി എന്നു് ഒരിക്കലും വിചാരിക്കരുതു്. നേരേ മറിച്ചു് നിന്റെ സരളവും സ്നേഹപൂൎണ്ണവും ആയ സ്വഭാവംകൊണ്ടു് നീ ഞങ്ങൾക്കു് അത്യന്തം പ്രിയനാണു്. ഭഗവാൻ നിന്നെ എന്നും കടാക്ഷിക്കട്ടെ എന്നു് ഞങ്ങൾ ആഗ്രഹിക്കുന്നു. നീ ഞങ്ങൾക്കയച്ചുതന്ന സാധനങ്ങൾ എല്ലാംകിട്ടി. എത്രയും നേരത്തേ നീ മടങ്ങിവന്നാൽ കൊള്ളാമെന്നു് മഹാരാജ് ആഗ്രഹിക്കുന്നു. ഇവിടത്തേക്കു് കൂടെക്കൂടെ എഴുത്തുകൾ അയയ്ക്കുക. ഉടൻ തന്നെ മറുപടി കിട്ടുന്നതായിരിക്കും.

ഞങ്ങൾക്കെല്ലാം സുഖംതന്നെ. നിന്റെ സ്ഥിതി എന്തു്? മഹാഭക്തനായ മുൻസിഫു് മററുള്ള സ്നേഹിതന്മാർ എന്നിവരെല്ലാം എങ്ങിനെയിരിക്കുന്നു. ഞങ്ങളുടെ പ്രേമആശിസ്സുകളേ അവൎക്കു കൊടുക്കുകയും നീ സ്വീകരിക്കുകയും ചെയ്ക.

എന്നു് പ്രേമാനന്ദൻ.

—:000:—

# ശ്രീരാമാനുജചരിതം.

(൯൭-ാംപേജിൽനിന്നും തുടൎച്ച)

താമസികന്റെ യഥാർത്ഥബന്ധു ദുഃഖം തന്നെ. ദുഃഖസമ്മൎദ്ദത്താൽ അസ്ഥിരനായാൽ അതിന്റെ നിവൃത്തി എങ്ങിനെ ഉണ്ടാകുമെന്നതിനേ കണ്ടുപിടിപ്പാൻ അവൻ പരിശ്രമിക്കുന്നു. യാതൊരുവന്റെ പ്രസാദത്താൽ അവനു് ഈ കഷ്ടതയുടെ പിടിയിൽ നിന്നു വിമുക്തനാകാൻ സാധിക്കുമോ അനുഗ്രഹത്തെ അവൻ അന്വേഷിച്ചുതുടങ്ങുന്നു. കണ്ണുള്ളവന്റെ സഹായം കൂടാതെ കുരുടൻ വഴികാണ്മാൻ ശക്തനല്ലാത്തതുപോലെ, അവനും തന്നേ അത്യന്തദുർബ്ബലനും നിസ്സഹായനുമെന്നറിഞ്ഞിട്ടു് ബലവാനായ ഏതെങ്കിലുമൊരു മഹാത്മാവിന്റെ പാദപത്മങ്ങളേ ആശ്രയിക്കുവാൻ തയ്യാറാകുന്നു. വിശപ്പുകൊണ്ടു് ആൎത്തനായവൻ ഭക്ഷണം അന്വേഷിക്കുന്നതുപോലെയും, തൃഷ്ണയാൽ ജലമന്വേഷിക്കുന്നതുപോലെയും ദരിദ്രൻ ധനമന്വേഷിക്കുന്നതുപോലെയും, താപത്രയാൎത്തൻ നിത്യസുഖത്തെ അന്വേഷിക്കും. ഇങ്ങിനെയും കാണപ്പെടുന്നു—അഭാവത്തോടുകൂടി അഭാവനാശകമായ ഭാവവസ്തുനിവഹവും ലോകത്തിൽ സൎവ്വത്ര വ്യാപിച്ചിരിക്കുന്നു. വിശപ്പിനോടുകൂടി തന്നെ ആഹാരവും, തൃഷ്ണയോടുകൂടിത്തന്നെ ജലവും, ദാരിദ്ര്യത്തോടു് ധനധാന്യങ്ങളും ദുഃഖത്തോടുകൂടി സുഖവും എന്നും എവിടെയുമിരിക്കുന്നു. അഭാവമുണ്ടായാൽ ഭാവം വന്നു് അതിന്റെ സ്ഥാനമപഹരിയ്ക്കും. ഇതു് പ്രകൃതിനിയമമാണു്. ചൂടുകൊണ്ടു് വായു ലഘുത്വം പ്രാപിക്കുമ്പോൾ അതു് മേലോട്ടുയൎന്നു് അതിന്റെ പൂൎവ്വാവസ്ഥക്കു അഭാവം സംഭവിക്കുന്നു. അപ്പോൾ നാലുഭാഗത്തു നിന്നും വായുമണ്ഡലം വ്യാപിച്ചു് ആ അഭാവത്തേ പരിഹരിക്കും. അതിൽ നിന്നത്രേ കൊടുങ്കാററിന്റെ ഉത്ഭവം. അതുകൊണ്ടു്, അഭാവമുണ്ടായാൽ അതിന്റെ പ്രതിവിധാനവും അതോടുകൂടി വന്നുചേരുന്നു. ഇതു് സൎവ്വവിദിതമാണു്. ജഡലോകത്തിൽ എപ്രകാരമോ അപ്രകാരം തന്നെ ആദ്ധ്യാത്മികലോകത്തി

ല്യം അഭാവമുണ്ടായാൽ അതിൻെറ പ്രതിവിധാനവുമുണ്ടു്. അദ്ധ്യാത്മലോകത്തെപ്പററി ആലോചിച്ചാൽ ഇതു് സവിശേഷം ബോദ്ധ്യമാകും.

പ്രാചീനകാലത്തു് ഭാരതഭൂമിയിൽ കർമ്മജ്ഞാനങ്ങളുടെ അതൃത്തിയേ വേണ്ടവിധം രക്ഷിച്ചുവന്നിരുന്നു. അധികാരിയല്ലെങ്കിൽ കർമ്മകാണ്ഡത്തിലാവട്ടെ ജ്ഞാനകാണ്ഡത്തിലാവട്ടെ യാതൊരുവൎക്കും പ്രവേശനാധികാരമുണ്ടായിരുന്നില്ല. ധർമ്മം-വിഹിതകർമ്മാചരണമാണു് കർമ്മകാണ്ഡത്തിൻെറ പ്രവേശനദ്വാരം. സമ്പൂർണ്ണനിഷ്കാമനായിട്ടു് സർവ്വവിധത്തിലുമുള്ള ഇന്ദ്രിയസംയമനം ജ്ഞാനകാണ്ഡത്തിൻെറ പ്രവേശനദ്വാരവുമാകുന്നു. ഇതു് എല്ലാവരും ഒററവാക്കിൽ സ്വീകരിക്കുകയും അതനുസരിച്ചു് കർമ്മത്തിലോ ജ്ഞാനത്തിലോ പ്രവേശിക്കുവാൻ അധികാരികളായുമിരുന്നിരുന്നു. കർമ്മാചരണം ആശാത്യാഗത്തേക്കാൾ തുലോം സുസാദ്ധ്യവുമാണു്. ഇതു് എല്ലാവൎക്കുമറിയാം. മനുഷ്യൻ തൃഷ്ണയാൽ ജന്മം സ്വീകരിച്ചിരിക്കുന്നു. ഈവിധത്തിൽ അനാദികാലം മുതൽക്കു് അതിനു് ഹൃദയത്തിൽ സ്ഥാനം അനുവദിച്ചുമിരിക്കുന്നു. അതുകൊണ്ടു് കാമനാശൂന്യനായിരിപ്പാൻ എപ്പോഴെങ്കിലും അവനു സാധിക്കുമോ? കാമന കൊണ്ടുതന്നെയാണു് സംസാരമുണ്ടാകുന്നതു്. അതിൻെറ പൂർത്തിയിൽ അവനു് പരമാനന്ദവുമുണ്ടാകുന്നു. ആഗ്രഹം അവൻെറ ചിത്തത്തേ ചഞ്ചലമാക്കുമെങ്കിൽ ചഞ്ചലമാക്കട്ടെ. ചാഞ്ചല്യം മനസ്സിൻെറ സ്വഭാവമാകുന്നു. സ്വഭാവസിദ്ധമായ കർമ്മത്തിൽ ദുഃഖമുണ്ടാകുന്നില്ല. അസ്വാഭാവികമായ കർമ്മമത്രേ ദുഃഖകാരണം. അതുകൊണ്ടു് ആഗ്രഹം ദുഃഖദമല്ലെന്നു മാത്രമല്ല സുഖപ്രദവുമാകുന്നു. ഇപ്രകാരമാണു് സാധാരണ മനുഷ്യരുടെ ധാരണ. ആഗ്രഹങ്ങളുടെ പരമലക്ഷ്യം സ്വർഗ്ഗസുഖമാകുന്നു.

"യന്നദുഃഖേനസംഭിന്നം-നചഗ്രസ്തമനന്തരം
അഭിലാഷോപനീതഞ്ചതൽ സുഖംസ്വഃപദാസ്പദം."

"യാതൊന്നു് ദുഃഖസംസർഗ്ഗരഹിതമായിരിക്കുന്നു, യാതൊന്നു് ഭവിഷ്യൽകാലത്തിലും ദുഃഖഗ്രസ്തമാകുന്നില്ല, യാതൊന്നു് സകലാഭീഷ്ടങ്ങളുടെയും പരിപൂർണ്ണതയായിരിക്കുന്നു, അപ്രകാരമുള്ള സുഖമത്രേ സ്വർഗ്ഗമെന്നു പറയപ്പെടുന്നതു്."

ജൈമിനിയുടെ സ്മൃതി പറയുന്നു, "സ്വർഗ്ഗകാമോയജേത" സ്വർഗ്ഗത്തെ ആഗ്രഹിച്ചു് മനുഷ്യൻ യാഗാദികർമ്മങ്ങളെ അനുഷ്ഠിക്കണം. ഇതത്രേ കർമ്മകാണ്ഡത്തിൻെറ മുഖ്യോദ്ദേശ്യം. സുഖത്തേ ആഗ്രഹിക്കുന്ന മനുഷ്യൻ ഇതിലധികം യാതൊന്നും ആഗ്രഹിക്കുന്നില്ല.

എന്നാൽ ഈ സുഖം സുഖകരമായാലും എല്ലാവിധത്തിലും സുഖകരമല്ല. കാരണം, അതു് സംസ്പൎശജന്യമാണു്. അതുകൊണ്ടു് സുഖസാമഗ്രികൾ പുറമേ ആയതുകൊണ്ടു് അതു് യാതൊരുവൎക്കും എല്ലായ്പോഴും സൎവ്വഥാ അധീനമാകുന്നില്ല. മനുഷ്യരുടെ സുഖാഭിലാഷത്തിനു് അന്തവുമില്ല. എന്നാൽ, സംസ്പൎശജന്യമായ സുഖം ആദ്യന്തങ്ങളുള്ളതാകുന്നു. അപ്രകാരമുള്ള സുഖത്തിൽ അവൻെറ അനന്തമായ തൃഷ്ണ എങ്ങിനെ സംതൃപ്തമാകും? ആ തൃഷ്ണ നീങ്ങണമെങ്കിൽ നിരവച്ഛിന്നമായ സുഖം ആവശ്യമാകുന്നു. സുഖസാമഗ്രികൾ ബാഹ്യലോകത്തിലിരിക്കയുമരുതു്. തൻെറ ഉള്ളിൽ തന്നെ അനുഭവമാകണം. അതായതു്, ആത്മാരാമനാകാതെ നിത്യസുഖത്തിനു് അധികാരിയാകുകയില്ല. ഭഗവാൻ, ഗീതയിൽ ഇതു് ഭംഗിയായി പറഞ്ഞിരിക്കുന്നു. ആത്മാരാമനാകണമെങ്കിൽ വാസനകളെ ത്യജിക്കണം. എന്തെന്നാൽ, വാസന ബാഹ്യവസ്തുവിനേ സംബന്ധിച്ചിരിക്കുന്നു. ബാഹ്യവസ്തുക്കളുടെ സംബന്ധത്തേ ത്യജിക്കാതെ നിരവച്ഛിന്നമായ സുഖത്തിനധികാരിയാകുകയില്ല. അതുണ്ടായില്ലെങ്കിൽ അഭാവവും പരിഹരിക്കപ്പെടുകയില്ല. അഭാവമിരുന്നാൽ ദുഃഖം നീങ്ങുകയുമില്ല. അതുകൊണ്ടു് വാസനാത്യാഗം തന്നെ പരമാനന്ദലബ്ധിക്കുള്ള ഏകമാൎഗ്ഗം. സാധാരണമനുഷ്യർ ഇതു് അറിവാൻതന്നെ ശക്തരാകുന്നില്ല. സുഖത്തിൻെറ സാമഗ്രി ഇല്ലെങ്കിലും സുഖമായിരിക്കുന്നു എന്നതു് അവൎക്കു് അറിവാൻ കഴിയുന്നില്ല. ഇതുമൂലമാണു് അധികമാളുകൾക്കും കൎമ്മകാണ്ഡത്തിൽ താല്പൎയ്യം.

കൎമ്മമയനായ മനുഷ്യൻ എന്നും കൎമ്മാധീനനാണു്. ഇപ്പോൾ, വേദോക്തങ്ങളായ യാഗയജ്ഞാദികൾക്കു പ്രാചീനകാലത്തേപ്പോലെ അത്ര പ്രചാരമില്ല. എങ്കിലും കൎമ്മങ്ങൾക്കു് മനുഷ്യലോകത്തിൽ അല്പം പോലും ലാഘവം കാണപ്പെടുന്നില്ല. കൎമ്മകാണ്ഡം ഒരു കുറവും കൂടാതെ ആദികാലം മുതൽ ഇതുപൎയ്യന്തം നില നിന്നുവരുന്നു. മേലും ഉണ്ടായിരിക്കയും ചെയ്യും. എന്നാൽ കൎമ്മങ്ങളുടെ രൂപം വ്യത്യാസപ്പെടുന്നു. മുമ്പു് അതിപവിത്രവും തേജോമയവുമായ ആഹവനീയാഗ്നിയേ സ്ഥണ്ഡിലത്തിൽ ജ്വലിപ്പിച്ചു് അതിൽ സ്വാഹാസ്വധാമന്ത്രങ്ങൾകൊണ്ടു് ദേവന്മാരേയും പിതൃക്കളേയും ഹവ്യകവ്യങ്ങൾ സമൎപ്പിച്ചൎച്ചിച്ചുവന്നിരുന്നു. ഇക്കാലത്തു് പലവിധ മന്ദിരങ്ങൾ നിൎമ്മിച്ചു് അവയിൽ പലവിധത്തിലുള്ള ദേവീദേവന്മാരുടെ വിഗ്രഹങ്ങൾ സ്ഥാപിച്ചു് ഗന്ധപുഷ്പാദികളെക്കൊണ്ടു പൂജിച്ചു വരുന്നു. മനുഷ്യസമുദായത്തിൻെറ ഇഷ്ടമനുസരിച്ചു കൎമ്മങ്ങളുടെ രൂപവും വ്യത്യസ്തമാകും. ഇതിനാൽ വൈദികകാലത്തേ കൎമ്മങ്ങളുടെ രീതി ഇക്കാലത്തു് പ്രായേണ കാണപ്പെടുന്നില്ല. ഇന്നത്തേരീതി ഈ

കാലത്തേക്കു യോജിച്ചതാകുന്നു. കർമ്മത്തിന്റെ ഉദ്ദേശ്യം ഒന്നുതന്നെ ആയാലും കാലഭേദത്താൽ മാർഗ്ഗം പലതായിത്തീരുന്നു.

എന്നാൽ, ജ്ഞാനകാണ്ഡത്തിനു് യാതൊരു വ്യത്യാസവും ഉണ്ടാകുന്നില്ല. എന്നാൽ, യഥാർത്ഥജ്ഞാനം, എന്നും ഒരേ വിധമാകുന്നു. യൂക്ലിഡിന്റെ സ്വതസ്സിദ്ധാങ്ങളായ പ്രമാണങ്ങൾ കോടി വത്സരങ്ങൾക്കുമുൻപു് എങ്ങിനെ സത്യമായിരുന്നു, കോടി വത്സരങ്ങൾക്കു ശേഷവും അതുപോലെ സത്യമായിരിക്കും. ൧൦൮ ഉപനിഷത്തുകളും മുൻപു് എപ്രകാരമിരുന്നു, ഇന്നും അപ്രകാരം തന്നെ ഇരിക്കുന്നു. അതുപോലെ ഭാവിയിലും ഇരിക്കും. അവയെല്ലാം ഒററവാക്കിൽ പറയുന്നു, "ത്യാഗേനൈകേ അമൃതത്വമാനശു:" മഹാത്മാക്കൾ ത്യാഗത്താൽ ജന്മമൃത്യുക്കളെ അതിക്രമിച്ചിട്ടു് അമരത്വം പ്രാപിച്ചിരിക്കുന്നു. ത്യാഗം മനുഷ്യന്റെ അഭാവരൂപമായ ഭ്രമത്തെ ദൂരീകരിച്ചിട്ടു് അവനേ പരമാനന്ദത്തിനു് അധികാരിയാക്കുവാൻ ശക്തിയുള്ളതാണു്.

മുൻ പറഞ്ഞതുകൊണ്ടു് സ്പഷ്ടമാകുന്നതു എന്തെന്നാൽ, ജ്ഞാനമാർഗ്ഗത്തെ അവലംബിച്ചിട്ടുള്ളവർ ലോകത്തിൽ വളരെ കുറവാണെന്നാകുന്നു. കലശലായ കർമ്മവാസനയുള്ളവൻ ഈ മാർഗ്ഗത്തെ ആശ്രയിക്കുന്നതായാൽ അവൻ അനധികാരചർച്ചചെയ്യുകയാകും അപ്രകാരമായാൽ അവനും സമുദായത്തിനും വലിയ നാശമുണ്ടാകുമെന്നുള്ളതിൽ സംശയമെന്തു്?

കർമ്മകാണ്ഡത്തിന്റെ മൂലം ധർമ്മം—അഥവാ വിഹിതകർമ്മാചരണമാണെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടു്. കർത്തവ്യത്തെ അനുഷ്ഠിക്കുന്നതിൽ പരാങ്മുഖനായ മനുഷ്യൻ കർമ്മത്തിനധികാരിയല്ല. കർത്തവ്യപരായണനായ മനുഷ്യൻ കർത്തവ്യത്തേ പാലിക്കുന്നതിൽ സമർത്ഥനായിരിക്കുന്നു. കാരണം, അവൻ ഇന്ദ്രിയങ്ങളുടെ മേൽ അല്പമായ ആധിപത്യം സമ്പാദിച്ചിരിക്കുന്നു. ഇന്ദ്രിയങ്ങളാൽ നയിക്കപ്പെടുന്ന മനുഷ്യൻ എല്ലായ്പോഴും സ്വേച്ഛാചാരിയാകുന്നു. മുമ്പൊരിക്കൽ പുരോഹിതന്മാരും യാജ്ഞികന്മാരും ഇന്ദ്രിയങ്ങൾക്കു് അധീനന്മാരായിരുന്നു. യാഗാദികർമ്മങ്ങളുടെ ചുമതല അവരിൽ സമർപ്പിക്കപ്പെട്ടിരുന്നു: അവർ സ്വന്തം ഉദരപൂർത്തിക്കും ഇന്ദ്രിയങ്ങളുടെ തൃപ്തിയ്ക്കും വേണ്ടി അത്യധികം മദ്യമാംസമയവും ഹിംസാസാദ്ധ്യവുമായ യജ്ഞത്തേ സൃഷ്ടിച്ചു് അവയേ വേദോക്തമാണെന്നു് മനുഷ്യസമുദായത്തിൽ പ്രചരിപ്പിച്ചു. അപ്പോൾ ധർമ്മജനനിയായ ശ്രുതി തന്റെ ഛായയേ മനുഷ്യലോകത്തിൽ സ്ഥാപിച്ചു് ലജ്ജിതയായിട്ടു് ഹിമാലയകന്ദരത്തിൽ ഒളിച്ചുകിടന്നു. ഈ ഛായാശ്രുതിയേ അവലംബിച്ചു് വേദത്തിൽ പറയപ്പെട്ടിട്ടുള്ള ദേവീദേവന്മാരുടെ പേരും പറഞ്ഞു് കേവലം ഉദരംഭരികളായ യാജ്ഞികന്മാർ മൃഗശോണിതത്താൽ ഭാരതവക്ഷസ്സിനെ കളങ്കിതമാക്കു

വാനാരംഭിച്ചു. കർമ്മജ്ഞാനമയമായ വേദമാകട്ടെ എങ്ങും അദൃശ്യമായിത്തീൎന്നു. ദുർന്നീതി, മൃഗീയത, ഹിംസ, ദ്വേഷം മുതലായവ ഭാരതഭൂമിയെ വന്യമൃഗങ്ങളുടെ വാസഭൂമിപോലാക്കിച്ചെയ്തു. സാത്വികമായ ആചാരം, ദയ, ദാക്ഷിണ്യം, ഉദാരത ഇവകളുടെ അഭാവം സൎവ്വത്ര കണ്ടുതുടങ്ങി. അഭാവം വന്നാൽ അതിന്റെ പരിഹാരമുണ്ടെന്നുള്ളതു് മുമ്പു് കാണിച്ചിട്ടുണ്ടു്. ആ സ്വാഭാവികനിയമമനുസരിച്ചു് സത്വഗുണം, ദയ, ദാക്ഷിണ്യം, ഉദാരത എന്നിവ രൂപം സ്വീകരിച്ചു് സൎവ്വാൎത്ഥസിദ്ധനായ ബുദ്ധൻ എന്നനാമധേയത്തിൽ ഹിമവൽ പ്രാന്തത്തിൽ ആവിർഭവിച്ചു. 'ജന്മമൃത്യുജരാവ്യാധി ദുഃഖദോഷ, മയമായ ജീവിതത്തിൽ യാതൊരു ശ്രദ്ധയുമില്ലാതെ യൌവനാരംഭത്തിൽ തന്നെ അദ്ദേഹം വാനപ്രസ്ഥനും ഭിക്ഷുവുമായി. ഒടുവിൽ ദുഃഖക്ലേശരഹിതമായ ശാന്തിധാമത്തിലേക്കുള്ള മാൎഗ്ഗം കണ്ടുപിടിച്ചു് ത്രിതാപതപ്തരായ മനുഷ്യരേ ആ മാർഗ്ഗത്തിലേ പഥികരാക്കി ചണ്ഡാലപൎയ്യന്തമുള്ള സകലരേയും അമൃതത്വത്തിനു് അധികാരികളാക്കി. ആബ്രഹ്മസ്തംബപൎയ്യന്തമുള്ള സമസ്തജീവരാശികൾക്കും അദ്ദേഹത്തിന്റെ വിശാലമായഹൃദയരാജ്യത്തിൽ സമാനമായ സ്ഥാനം ലഭിച്ചു. ഛായാശ്രുതിയുടെ ഭീഷണ മൂൎത്തിയും യാജ്ഞികന്മാരുടെ കപോല കല്പിതനും രാക്ഷസതുല്യനുമായ ജഗൽക്കൎത്താവും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഹേയമെന്നു തോന്നി. യാതൊരു ജഗൽക്കൎത്താവു് ദുൎന്നീതി, മൃഗീയത, ഹിംസ, ദ്വേഷം മുതലായവയുടെ പരിപോഷകൻ അവൻ ജഗൽക്കൎത്താവിന്റെ സ്ഥാനം പ്രാപിയ്ക്കുന്നതെങ്ങിനെ? അതുകൊണ്ടു് അദ്ദേഹം അന്നു പ്രചാരത്തിലിരുന്ന ശ്രുതിയേയും ഈശ്വരനെയും വിഗണിച്ചിട്ടു് സൽക്കർമ്മത്തിന്റെ പൂജയേ പ്രചരിപ്പിച്ചു. ശുഭാശുഭങ്ങളായ കർമ്മങ്ങൾ ശുഭാശുഭങ്ങളായ ഫലങ്ങളെ ഉണ്ടാക്കും. ആകയാൽ ഹേ, മനുഷ്യ! ശുഭമായ കർമ്മത്തേ അനുഷ്ഠിക്കുക. നീ സുഖിയാകും. അജ്ഞന്മാർ ബുദ്ധനേ നാസ്തികനെന്നു പറയുന്നു, എന്തെന്നാൽ അദ്ദേഹം ഈശ്വരനേ ബഹുമാനിച്ചില്ല. ആ ഈശ്വരനെ ബഹുമാനിക്കാതിരിക്കതന്നെയാണു് നല്ലതു്. ആവിധമുള്ള ഈശ്വരനേ മാനിച്ചിട്ടു് ആസ്തികനാകുന്നതിനേക്കാൾ നാസ്തികനാകുകയത്രേ സഹസ്രഗുണം ഉത്തമമെന്നു വായനക്കാർ സ്വീകരിക്കും. യഥാൎത്ഥത്തിൽ ബുദ്ധദേവൻ നാസ്തികനായിരുന്നുവോ? അദ്ദേഹത്തെപ്പോലെ ഈശ്വരപരായണനായ ആസ്തികൻ ലോകത്തിൽ ദുർല്ലഭമാകുന്നു. കാരണം, കൎത്താവില്ലാതെ കർമ്മം ഒരിടത്തും കാണപ്പെടുന്നില്ല. അദ്ദേഹം ഉത്തമ കർമ്മങ്ങളേ മാനിച്ചുകൊണ്ടു് സൽക്കർമ്മ കൎത്താവിനേയും ബഹുമാനിച്ചിരിക്കുന്നു. ഈശ്വരൻ ഹീനഗുണരഹിതൻ, സമസ്ത കല്യാണഗുണവാൻ, സൽക്കൎത്താ. അതുകൊണ്ടു് ബുദ്ധദേവനേ നാസ്തികനെന്നു പറയുന്നതെങ്ങിനെ?

അദ്ദേഹത്തിന്റെ സൎവ്വതോമുഖമായ ഉദാരഹൃദയം സമാനഭാവത്തിൽ സമസ്തജീവരാശികളുടെയും പരമശ്രേയസ്സിനുവേണ്ടി സദാജാഗരൂകമായിരുന്നു. അതുമൂലം അനധികാരിനിൎവ്വചനം അദ്ദേഹത്തെക്കൊണ്ടു് ഒരു വിധം അസംഭവ്യമായിരുന്നു. അദ്ദേഹം സാധുവിനേയും അസാധുവിനേയും, ബാലനെയും വൃദ്ധനെയും, സ്ത്രീയേയും പുരുഷനേയും, ധനവാനെയും ദരിദ്രനേയും, പണ്ഡിതനേയും പാമരനേയും എന്നുവേണ്ട എല്ലാവരെയും നിൎവ്വാണമാൎഗ്ഗത്തിൽ പഥികരാക്കി. എന്നാൽ ഉദരരോഗി വളരെ നെയ്യ് ചേൎന്ന ഭക്ഷണം ദഹിപ്പിക്കുവാൻ ശക്തനല്ലാത്തതുപോലെ, അനധികാരികളും അദ്ദേഹത്താൽ നല്കപ്പെട്ട അമൂല്യോപദേശങ്ങളെ മനസ്സിലാക്കുവാൻ ശക്തരായില്ല. തന്നിമിത്തം അദ്ദേഹത്തിന്റെ പരിപാവനമായ ആസ്തികധൎമ്മം നാസ്തികതയിലും ശൂന്യവാദത്തിലും പരിണമിച്ചു. "സത്യം മിത്ഥ്യ, ധൎമ്മം, അധൎമ്മം, എല്ലാം അസത്യം" ലോകത്തിനു സൃഷ്ടികൎത്താവു് ആരുമില്ല. ആരെ ഭയപ്പെടണം? ഇത്യാദി ധാരണയാൽ ബൌദ്ധന്മാർ സ്വേച്ഛാചാരികളായി. ലോകത്തിൽ വീണ്ടും സുഖശാന്തികളില്ലാതെയായി. പൃഥിവി, ബൌദ്ധന്മാരായ ദുഷ്ടന്മാരുടെ ഭാരത്താൽ പീഡിതയായിത്തുടങ്ങി. ഈ അവസരത്തിൽ ലോകത്തിലെ ദുഃഖവിദ്ധ്വംസനത്തിനായിട്ടു് പരമകാരുണികനായ ഭഗവാൻ ശ്രീശങ്കരൻ എന്ന നാമം സ്വീകരിച്ചു് ലോകഗുരുവായി അവതരിച്ചു.

ഭഗവാൻ ശ്രീശങ്കരൻ ൧൬ വയസ്സുള്ള യുവാവു്. എന്നാൽ തരുണഭാസ്കരന്റെ മുമ്പിൽ ലോകത്തിലെ അന്ധകാരത്തിനു് നില്ക്കുവാൻ ശക്തിയില്ലാത്തതുപോലെ ദിവ്യപ്രതിഭയാൽ ഉത്ഭാസിതവദനനും അതിമനോഹരനും തേജസ്വിയുമായ ആ യുവാവിന്റെ മുമ്പിൽ നാസ്തികത്വത്തിനാകട്ടെ സ്വേച്ഛാചാരത്തിനാകട്ടെ നില്ക്കുവാൻ ശക്തിയുണ്ടായില്ല. സൂൎയ്യോദയത്തിൽ നക്ഷത്രങ്ങളെന്നതുപോലെ ബൌദ്ധാസുരന്മാർ ഭാരതാന്തരീക്ഷത്തിൽ നിന്നും എന്നന്നേക്കുമായി മറഞ്ഞു. നിൎമ്മലമായ ജ്ഞാനപ്രകാശത്താൽ ദിക്കുകൾ പ്രകാശിച്ചു തുടങ്ങി. ആൎയ്യഭൂമിയിൽ വീണ്ടും ശാന്തിയുടെ സാമ്രാജ്യം സംസ്ഥാപിതമായി. ധൎമ്മ ജനനിയായ ശ്രുതിദേവി ഹിമാദ്രികന്ദരത്തിൽ നിന്നിറങ്ങി ഉജ്ജ്വലവിഗ്രഹനായ പുതിയ സന്യാസിയുടെ കണ്ഠത്തിൽ വരണമാല്യമൎപ്പിച്ചു് അദ്ദേഹത്തെ പതിയായി വരിച്ചു. ശ്രുതിനാഥനായ ശങ്കരൻ അധികാരി ഭേദമനുസരിച്ചു് വീണ്ടും വേദമാൎഗ്ഗത്തെ പ്രചരിപ്പിച്ചു. സനാതനധൎമ്മത്തിന്റെ വിജയപതാക ഹിമവത്സേതുപൎയ്യന്തം സൎവ്വത്ര പറന്നു. ദേവന്മാരും പിതൃക്കളും സ്വാഹാസ്വധാമന്ത്രങ്ങളാൽ വീണ്ടും തൃപ്തിതരാകുവാൻ തുടങ്ങി. ചിരസുപ്തന്മാരും വിജ്ഞാനവിഗ്രഹന്മാരുമായ ഋഷികൾ ഉപനിഷത്തുകളുടെ പവിത്രമായ ധ്വനിയാൽ വീണ്ടും ജാഗരിതരാകുവാൻ

ആരംഭിച്ചു. ഭാരത മാതാവിനു പിന്നീട്ടുണ്ടായ ആനന്ദം സീമാതീതമായിരുന്നു.

തന്റെ അവതാരകാൎയ്യം സാധിച്ചുശേഷം ൩൨-ാമത്തെ വയസ്സിൽ ആചാൎയ്യശങ്കരൻ സ്വധാമത്തെ പ്രാപിച്ചു. കാലം സുന്ദരതരമായ നവീനവസ്തുവിനേ ഉത്ഭവിപ്പിച്ച് സകലരുടെയും ചിത്തത്തെ പുളകിതവും ആകൃഷ്ടവുമാക്കുന്നതുപോലെതന്നെ ഹൃദയാഹ്ളാദകരമായ ആ നൂതനപദാൎത്ഥത്തെ ഛിന്നഭിന്നമാക്കി ദരിദ്രന്മാൎക്കുപോലും സ്വീകാൎയ്യമല്ലാതെയുമാക്കുന്നു. ഇതത്രെ കാലധൎമ്മം. ആ കാലധൎമ്മമനുസരിച്ച് ശങ്കരനാൽ പറയപ്പെട്ട ചതുൎവ്വേദസാരമായ നാലു മഹാവാക്യങ്ങൾക്കും ദുരൎത്ഥം കല്പിച്ചു് തന്മതാവലംബികളും സന്ന്യാസിവേഷധാരികളും ഇന്ദ്രിയലോലുപന്മാരുമായ അനേകമാളുകൾ,തങ്ങൾക്കും സമുദായത്തിനും വളരെ അനൎത്ഥമുണ്ടാക്കിത്തീൎത്തു. "അഹംബ്രഹ്മാസ്മി" എന്ന വാക്യത്താൽ അവർ സാൎദ്ധത്രിഹസ്തപരിമിതവും സപ്തധാതുമയവും വിണ്മൂത്രവാഹിയും, ജന്മമൃത്യുജരാവ്യാധികളുടെ അധിവാസഭൂമിയും, സങ്കീൎണ്ണദൃഷ്ടിയും,അധ്രുവജീവിയും, അതീതവും അനാഗതവുമായ വിഷയത്തിൽ സമ്പൂൎണ്ണം അനഭിജ്ഞനും, കേവലം സംസ്കാരശൂന്യനുമായ മനുഷ്യനത്രേ അനാദിയും അനന്തനും സൎവ്വവ്യാപിയും സൎവ്വജ്ഞനും സൎവ്വാശ്രയനും, പരമാനന്ദനികേതനവുമായ ബ്രഹ്മമെന്നു നിശ്ചയിച്ചു. പത്മപത്രത്തിൽ എപ്രകാരം ജലംലഗ്നമാകുന്നില്ല,ബ്രഹ്മവസ്തുവിലും അപ്രകാരം പുണ്യപാപങ്ങളോ ആചാര അനാചാരങ്ങളോ സത്യാസത്യങ്ങളൊ ലേശവും സ്പൎശിക്കുകപോലുമില്ല. ഞാൻ തന്നെ ആ ബ്രഹ്മം. അതുകൊണ്ടു ഞാൻ എന്തുതന്നെ ചെയ്താലും എന്നിൽ യാതൊരു ദോഷവും പററുകയില്ല. ഇതിനേക്കാൾ പൈശാചികമായ മതം ഉണ്ടോ? ഇപ്രകാരമുള്ള ധാരണയ്ക്കു് വശപ്പെട്ടവർ അചിരേണ തങ്ങളുടെ ദേശത്തിന്റെ സൎവ്വനാശത്തിനു കാരണമാകുമെന്നുള്ളതു് വിശേഷിച്ചു പറയണമെന്നുണ്ടോ? യഥാൎത്ഥമായും മുൻപറയപ്പെട്ട അനൎത്ഥകാരികൾ ശ്രീശങ്കരകഥിതമായ പാവന ധൎമ്മത്തെ മനസ്സിലാക്കുവാൻ അശക്തരായിട്ടു് വീണ്ടും ഭാരത വൎഷത്തിൽ ദുൎന്നീതി, ഹിംസ, ദ്വേഷം, മുതലായവയുടെ ആധിപത്യം സ്ഥാപിച്ചു. സുഖം, ശാന്തി, സത്യം, ഇവയുടെ അഭാവം സൎവ്വത്ര കണ്ടു തുടങ്ങി. ആ അഭാവത്തെ ദൂരീകരിക്കുന്നതിനു വേണ്ടി ഏതൊരു മഹാപുരുഷൻ അവതാരം ചെയ്തു, ഹേ പാഠക! വരിക! ഇപ്പോൾ ഞങ്ങൾ വിശിഷ്ടാദ്വൈതവാദത്തെ പ്രചരിപ്പിച്ച ആ ഭഗവാൻ ശ്രീരാമാനുജാചാൎയ്യരുടെ നിൎമ്മലമായ ജീവിതകഥയെ ആലോചിക്കുവാൻ തുടങ്ങുന്നു. ഈ ഭാവരാജ്യത്തിൽ അഭാവവസ്തു സ്ഥിതിചെയ്യുകയില്ല. സുഖം, ശാന്തി, സത്യം, ദാക്ഷിണ്യം, ധൎമ്മം മുതലായവ ഭാവവസ്തുക്കളും, ദുഃഖം, അശാന്തി, ഹിംസ, അസ

ത്ര്യം, ദ്വേഷം, സങ്കീൎണ്ണത, ഈൎഷ്യ, അധൎമ്മം മുതലായവ അഭാവവസ്തുക്കളുമാകുന്നു. ഏതൊന്നില്ലാതിരുന്നാൽ മനുഷ്യൎക്ക് ദുഃഖമുണ്ടാകുന്നു, അതത്രെ ഭാവവസ്തു. സുഖം, ശാന്തി മുതലായവ ഭാവവസ്തുക്കളും, അവയുടെ അഭാവമായ ദുഃഖം, അശാന്തി, ഇത്യാദികൾ അഭാവവസ്തുക്കളുമാകുന്നു. അഭാവമുണ്ടായാൽ ഭാവം വന്ന് അതിനു പ്രതിവിധി ചെയ്യുന്നു എന്നതു മുമ്പു പ്രതിവാദിച്ചിട്ടുണ്ട്. ആ നിയമമനുസരിച്ച് ഭാരതഭൂമിയിൽ ശ്രീമത് രാമാനുജാചാൎയ്യരുടെ ആവിർഭാവമുണ്ടായി.

## ശ്രീമൽ ബ്രഹ്മാനന്ദ സ്വാമിയുടെ ഉപദേശങ്ങൾ.

ചിലർ പറയുന്നു "ഈ നാമത്തിൽഭജിച്ചില്ലെങ്കിൽ സിദ്ധി കിട്ടുകയില്ല. നിങ്ങൾ ജപിക്കുന്ന നാമം തെററാണ്" ആരുടേത് തെററ്, ആരുടേതു ശരി? ഈ അല്പമായ (തുച്ഛമായ) മനസ്സും ബുദ്ധിയുംകൊണ്ടു് നിങ്ങളുടേതുതെററ്, എന്റേതു ശരി എന്ന് കലഹിച്ചിട്ടുകാൎയ്യമെന്തു്?.

മിത്ഥ്യയാണെങ്കിൽ എല്ലാം മിത്ഥ്യ, സത്യമാണെങ്കിൽ എല്ലാം സത്യം. ഒന്ന് ആഴ്ന്ന് ആലോചിച്ചാൽ സകലതും മനസ്സിലാകും.

ആൎക്ക് ഏതുനാമം ഇഷ്ടമോ അയാൾ അതിനെ ഉപാസിക്കട്ടെ. അതിൽ ആൎക്കും വിരോധം പറയാൻ പാടില്ല.

എല്ലാ ജോലിയും കൎമ്മം തന്നെ. സാധനഭജനാദികൾ നടത്തുന്നതും കൎമ്മം. ലൌകികജോലികൾ ചെയ്യുന്നതും കൎമ്മം. ശരിയായി ചെയ്താൽ മതിയാകും. എല്ലാം ഈശ്വരോപാസനതന്നെ. "Work is worship".

സാധന ഭജനാദികൾ അഭ്യസിക്കുന്നതാവശ്യം തന്നെ. ഏതുദിവസം എങ്ങനെ സാധിക്കുമോ അന്ന് അങ്ങനെ ചെയ്യുക. അഞ്ചു മിനിട്ടായാലും നല്ലതുതന്നെ. എന്നാൽ എന്നും ഒരു പ്രത്യേക സമയം വേണം. രാത്രികാലമാണ് ധ്യാനത്തിന് ഉത്തമം തല(മസ്തിഷ്ക്കം) ശാന്തമായിരിക്കും. അധികസമയം അഭ്യസിച്ചാലും യാതൊരു തരക്കേടും വരികയില്ല. മാത്രമല്ല ഈ സമയത്തു പ്രകൃതിയുടെ സഹായവും ലഭിക്കുന്നു.

ധ്യാനം നീരവത്തിൽ ചെയ്യുകയാണ് നല്ലതു്. ഇതു കൊണ്ടു് രാത്രിയിൽ ധ്യാനിക്കുന്നതു് നന്നു്.

ചിത്തശുദ്ധി ആവശ്യമാണു്. ലോകത്തിൽ എന്തെല്ലാം ഭയങ്ങളുണ്ടു്. സാധനമാർഗ്ഗത്തിൽ ചരിക്കുമ്പോൾ അനുക്രമമായ യുദ്ധം തന്നെ. എപ്പോൾ ഏതുതല പൊക്കുന്നു, അപ്പോൾ തന്നെ അതിനെ അടക്കണം. ആദ്യം—ആരംഭദശയിൽ കുറേനാൾ നിജ്ജനസ്ഥലത്തിരിക്കണം. മനസ്സിനു് ദൃഢ നിഷ്ഠ ഉണ്ടായിരിക്കണം. പിന്നീടു് എല്ലാം ശരിക്കു വന്നുചേരും. ആദ്യമായി സാധനഭജനാദികൾ ചെയ്വാൻ തുടങ്ങുമ്പോൾ ആഹാരം അനുകൂലമായിരിക്കണം. സ്വാസ്ഥ്യം വേണം. മനസ്സിനേ വളരെ പ്രവൎത്തിപ്പിക്കണം. അതുകൊണ്ടു് അതിനു യോജിച്ച ആഹാരം വേണം. അല്ലെങ്കിൽ മനസ്സ് വല്ല സ്ഥലത്തും പോകും. തലയും വല്ലാതാകും. ഇതെല്ലാം അഭ്യസിക്കണമെങ്കിൽ പശുവിൻനെയ്യു്, പാൽ മുതലായവ കഴിക്കണം.

പിന്നീടു് ബന്ധിക്കാതിരിക്കത്തക്കവണ്ണം ഓരോ അടി മുന്നോട്ടു വയ്ക്കുമ്പോഴും വാസനകളെ ദമനം ചെയ്വാൻ വളരെവളരെ ശ്രമിക്കണം.

ശ്രീരാമകൃഷ്ണദേവനു് രാസമണിയുടെ ദേവാലയത്തിൽ സ്ഥാനം കിട്ടിയതുകൊണ്ടു സാധനഭജനാദികൾക്കു് എത്ര സഹായമുണ്ടായി? അല്ലെങ്കിൽ അദ്ദേഹത്തെ ആരറിയും? മഹാപുരുഷന്മാരെപ്പററി ആലോചിച്ചുനോക്കിയാൽ അവരുടെ ആഹാരവും സ്വാസ്ഥ്യവും അനുകൂലമായിരുന്നതിനാലാണു് സാധനഭജനാദികൾക്കു് സൌകര്യമുണ്ടായതു് എന്നു കാണാം.

അതുകൊണ്ടു് മററുള്ളവക്കു് കിട്ടുകയില്ലെന്നുണ്ടോ? നിശ്ചയമായും ലഭിക്കും. ഈശ്വരനിൽ വിശ്വാസവും ഭക്തിയും പ്രേമവും ഉണ്ടായാൽ എവിടെ നിന്നെങ്കിലും അനുകൂലങ്ങളെല്ലാം വന്നു ചേരും. അപ്പോൾ ചിന്തിക്കേണ്ടതില്ല. അദ്ദേഹം തന്നെ എല്ലാം നൾകുന്നു. സാധനഭജനകൾ ചെയ്യുക! ധ്യാനധാരണാദികൾ അഭ്യസിക്കുക! അതുകൊണ്ടു തന്നെ സകലതും സിദ്ധിക്കും. ധ്യാനത്തേക്കാൾ വലുതായി വല്ലതുമുണ്ടോ? മനസ്സിൻെറ ഗതിയെ തിരിക്കുന്നു. മനസ്സു ശുദ്ധമാകുന്നു.

ഈശ്വരനാമം ജപിക്കുക! അദ്ദേഹത്തേ വിളിക്കുക! അദ്ദേഹം നമ്മുടെ സ്വന്തം ആളാണല്ലോ. അദ്ദേഹം ദശ്നം നൽ കാതിരിക്കുമോ? അദ്ദേഹത്തിൻെറ സന്നിധിയിൽ സകലതുമറിയിക്കുക! അദ്ദേഹം സൽഫലം കാണിച്ചുതരും. സിദ്ധാന്തിക്കുന്നമെ

ങ്കിൽ അദ്ദേഹത്തിൻെറ അടുക്കൽ സിദ്ധാന്തിക്കുക! അദ്ദേഹം എല്ലാം സാധിച്ചു തരും.

ഞാൻ ഇനിയും എന്താണ് ചെയ്യേണ്ടതു്. നിങ്ങൾക്കു മംഗളം ഭവിക്കട്ടെ. ധ്യാനധാരണകളിലും സാധന ഭജനാദികളിലും നിങ്ങളുടെ മനസ്സ് നിയുക്തമായിരിക്കട്ടെ. അദ്ദേഹത്തോട്ട് അറിയിക്കുക! അദ്ദേഹത്തോടു പറയുക!

ദീക്ഷ (മന്ത്രോപദേശം) എന്നാൽ എന്തു്? നിങ്ങൾക്ക് ഏതു നാമത്തിൽ മനോഗതി ഇരിക്കുന്നുവോ അതു തന്നെ ഉപാസിക്കുക! വിശ്വാസത്തോടു കൂടി മനസ്സിൻെറ അഭിലാഷത്തിന്ന് ഒത്തതായ നാമം ജപിച്ചാൽ മതിയാകും. ദീക്ഷിതനാകുക എന്നതു് മറെറാന്നുമല്ലാ. ധ്യാനധാരണകൾ ചെയ്യണം. അദ്ദേഹത്തെ ഹൃദയപൂർവ്വം വിളിക്കണം. അദ്ദേഹത്തിൽ അധികമധികം സ്നേഹവിശ്വാസങ്ങൾ വരുന്നതിനു വേണ്ടി ഒരാളെ ആദരിച്ചു വേല ചെയ്യുക. അതിനു വിശേഷിച്ചു മറെറന്തു വേണം, അത്യന്തം ധ്യാനനിരതനാകുക!

അല്പം സഞ്ചരിച്ചു് തീർത്ഥസ്ഥലങ്ങളിൽ കുറേ ദിവസം താമസിക്കുക. പല വിധത്തിലും സൗകര്യം ഉണ്ടാകും; പ്രകൃതിയുടെ ഒരു നൂതനദൃശ്യം കണ്ടു് മനോഗതി പൂർവ്വാധികം നന്നാകും. ആരോഗ്യവും ഉണ്ടാകും. ധ്യാനത്തിനും വളരെ സൌകര്യം തോന്നും. മനസ്സിനു് ഉന്നതി ഉണ്ടാകും.

ചില മഹാപുരുഷന്മാർ പറയുന്നു—മനസ്സിനു് രണ്ടു വിധം ഗതിയുണ്ടു്, അധോഗതിയും ഊർദ്ധ്വഗതിയും; അധോഗതിയിൽ ഹിംസ, സ്വാർത്ഥപരത, ഭോഗം, ആലസ്യം, ഇത്യാദികളും ഊർദ്ധ്വഗതിയിൽ ഈശ്വരഭക്തി, ശ്രദ്ധ, പ്രേമം മുതലായവയും ഉദിക്കുന്നു.

മററുചില മഹാത്മാക്കൾ പറയുന്നു—മനസ്സിനു് മൂന്നു വിധത്തിലുള്ള ഗതിയുണ്ടു്—സത്വം, രജസ്സ്, തമസ്സ്. തമോഗുണത്തിൽ ആലസ്യം, ജഡത മുതലായവ; രജോഗുണത്തിൽ, നല്ലവണ്ണം ഊണു കഴിക്കണം, പണം സമ്പാദിക്കണം, യശസ്സിനായി പ്രയത്നിക്കണം, ഇത്യാദി ഭാവം; സത്വഗുണത്തിൽ ഈശ്വരൻെറ നാമഗുണങ്ങളെ കീർത്തിക്കുക, ഭക്തി, ശ്രദ്ധ, പ്രേമം മുതലായവയും സദാ മനസ്സിൽ ഉദിക്കുന്നു.

മനസ്സിനു് ഈ ഗതികളെല്ലാം ഉണ്ടെന്നുള്ളതു പരമാർത്ഥമാണു്. ഇതു് നാം പാദം പ്രതി കാണുന്നു.

സംസാരത്തിൽ എന്തെല്ലാം ഭയങ്ങൾ ഉണ്ട്. മനുഷ്യൻ മുതൽ പിപീലികവരെയുള്ള സകലതും വിഴുങ്ങാൻ സൌകര്യം നോക്കി വായ് പൊളിച്ചുകൊണ്ടിരിക്കുന്നു. എത്ര യുദ്ധം ചെയ്യണമെന്നതിനു കണക്കുണ്ടോ? ഒന്നു പോയാൽ മററൊന്നു വരുന്നു. സൂക്ഷ്മഭാവത്തിലും എത്ര ശത്രുക്കൾ ചുററി സഞ്ചരിക്കുന്നു. രോഗങ്ങൾ ആക്രമിക്കാൻ സന്നദ്ധരായിരിക്കുന്നു. ഇവയെ എല്ലാം ദമനം ചെയ്യണം—ജയിക്കണം. എന്നാൽ മാത്രമേ അദ്ദേഹത്തിൻെറ സന്നിധിയിൽ വേഗം എത്തുവാൻ സാധിക്കയുള്ളു.

ഇതെല്ലാം കാണുമ്പോൾ എന്തിനായിട്ടാണ് ഇവ എന്നു തോന്നിപ്പോകുന്നു. പ്രളയം ഉണ്ടല്ലൊ. ഈ കാണുന്നതെല്ലാം ലയിക്കും. പിന്നെ ഇതെല്ലാം എന്തിന്? അദ്ദേഹത്തിൻെറ ലീല അദ്ദേഹത്തിനു മാത്രമേ അറിയാവൂ. മററാക്ക് മനസ്സിലാകും? പ്രളയത്തിൽ ഇതൊന്നും ഇരിക്കയില്ല. സൃഷ്ടിസ്ഥിതിപ്രളയങ്ങൾ ഉണ്ടുതന്നെ. കാണുന്നില്ലേ? ഭൂകമ്പത്തിൽ ഒരു നിമിഷംകൊണ്ട് എന്തെല്ലാം സംഭവിക്കുന്നു. ഇതിനേക്കാൾ കുറെ അധികമായാൽ പ്രളയം. അതുണ്ടാവാൻ എത്ര താമസം വേണം. ഇതാണല്ലൊ ജീവൻെറ അവസ്ഥ.

തൃപ്തിവരുന്നില്ല—മനസ്സു തപിക്കുന്നു. അദ്ദേഹത്തെ ലഭിക്കുന്നതിനു് അസ്ഥിരനായിത്തീരുന്നതുതന്നെയാണ് ഈശ്വരാനുരാഗം. ഈ അനുരാഗം തന്നെയാണ് വേണ്ടതു്

ഈശ്വരനോടു ഹൃദയപൂർവ്വം പ്രാർത്ഥിക്കുക! "ഹേ ഭഗവൻ! അവിടുന്ന് എൻെറ സ്വന്തം ആളാണല്ലൊ, അവിടുന്ന് എവിടെ ഇരിക്കുന്നു? അവിടുന്ന് പിതാവിനേക്കാളും പിതാവു്, മാതാവിനേക്കാൾ മാതാവു്, ഭ്രാതാവിനേക്കാൽ ഭ്രാതാവു്, സ്നേഹിതനേക്കാൾ സ്നേഹിതൻ. പ്രഭോ അവിടുന്ന് എവിടെ ഇരിക്കുന്നു. അവിടുത്തേ കാണ്മാൻ എനിക്കു സാധിക്കയില്ലേ?" ഇങ്ങനെയെല്ലാം പറഞ്ഞു് അദ്ദേഹത്തെ വിളിക്കുക. ഇപ്രകാരവും ഉണർത്തിക്കുക," അവിടുന്നല്ലാതെ യഥാർത്ഥത്തിൽ എനിക്കു് സ്വന്തമായി ആരുംതന്നെയില്ല. അവിടുത്തേ അടുക്കലല്ലാതെ ആരുടെ അടുക്കലാണ് ഞാൻ സിദ്ധാന്തിക്കേണ്ടതു്?".

ദാനത്തേക്കാൾ ഉപരിയായി വല്ല ധർമ്മവും ഉണ്ടോ? ക്രിസ്തു പറയുന്നു, Cast thy bread into the water. വെള്ളത്തിൽ എറിയുക വെള്ളം വീണ്ടും തരും. ഒന്നുകൊടുത്താൽ വീണ്ടും വന്നുചേരും. ദാനം തുച്ഛവസ്തുവോ! എല്ലാ മതങ്ങളും ദാനത്തെപ്പററി പറയുന്നു.

ദാനം ചെയ്യണം. എന്നാൽ നിയന്ത്രണവും വേണം. ദേശകാലപാത്രങ്ങളെ അറിഞ്ഞു് ദാനം ചെയ്യണം, എന്തെന്നാൽ,

വളരെ കഷ്ടപ്പെട്ടു്, സമ്പാദിക്കുന്ന ധനം സൽപാത്രത്തിൽ വിനി യോഗിക്കുകയാണു് മംഗളം.

പ്രഥമാവസ്ഥയിൽ പ്രാർത്ഥിക്കുന്നതുനന്നാണു്. അദ്ദേഹത്തെ വിളിക്കുക. അദ്ദേഹത്തിൻെറമഹിമാനുവർണ്ണനം ചെയ്തു് പ്രാൎത്ഥന ആരംഭിക്കണം. ഈശ്വരനേ വിളിക്കണം. വിളിച്ചു് ഇങ്ങനെ പ്രാൎത്ഥിക്കണം. "ഹേഭഗവാൻ! ഈ സൂൎയ്യചന്ദ്രാദികളും സൃഷ്ടിയും അ വിടുത്തേതുതന്നെയാണല്ലൊ! അവിടുന്നു് ദയാമയൻ, സൎവ്വജ്ഞൻ, അന്തൎയ്യാമി. അവിടുന്നു് എന്നിൽ കൃപചെയ്യുക! എനിക്കു് സൽ ബുദ്ധി നല്കുക! ഭക്തിനല്കുക! ശ്രദ്ധനല്കുക! പ്രേമംനല്കുക!" ഇപ്രകാരമെല്ലാം പറഞ്ഞു് അദ്ദേഹത്തെ വിളിക്കുക.

ബ്രഹ്മചൎയ്യം എന്നാൽ എന്തെന്നു് അറിയാമോ? സത്യം, ഇന്ദ്രിയ ജയം—വാങ്മനസ്സുകളുടെ സംയമം, മദ്യമാംസാദികൾ ഉ പയോഗിക്കാതിരിക്കുക, ഹിംസാദ്വേഷങ്ങൾ പാടില്ല, ബ്രഹ്മച ൎയ്യം പന്ത്രണ്ടുവർഷം പാലിക്കുവാൻ സാധിച്ചാൽ അവനു് യാ തൊരു ചിന്തയും വേണ്ട. ബ്രഹ്മചൎയ്യം അവശ്യാനുഷ്ഠേയമായതു കൊണ്ടു് ബാല്യം മുതൽക്കുതന്നെ അനേകം പേർ ബ്രഹ്മചൎയ്യം ആരംഭിക്കുന്നു.

മനുഷ്യൻ എവിടെ പോകും, വാസനകൊണ്ടു് ഒരിടത്തും പോകാൻ സാധിക്കുന്നില്ല. ഒന്നും ചെയ്യാനും സാധിക്കുന്നില്ല, ഏ തെങ്കിലുമൊരു വാസന ഇരിക്കും.

ഈ ബ്രഹ്മാണ്ഡവുമായി തുലനം ചെയ്യുമ്പോൾ നമ്മുടേതു് ഒന്നും ഇരിക്കുന്നില്ല. ഇതിനിടയിൽ നാം ദിവസം എണ്ണുന്നു. ഭൂമി സൂൎയ്യനെ അപേക്ഷിച്ചു ചെറുതു്, ഭൂമിയുമായി നോക്കുമ്പോൾ നാം എത്ര ചെറുതു്. ഇതാണു് യഥാൎത്ഥം. അനന്തത്തോടു സാമ്യപ്പെടുത്തുമ്പോൾ ഒന്നും ഇരിക്കുന്നില്ല. ഇക്കാലത്തു് ചില ന ക്ഷത്രങ്ങളെ കണ്ടു പിടിച്ചിരിക്കുന്നു. അവ സൂൎയ്യനേക്കാൾ വലുതാ ണെന്നു പറയുന്നു. അവയുടെ വെളിച്ചം ഇതുവരെ ഭൂമിയിൽഎ ത്തിയിട്ടില്ല. അങ്ങനെ ഇരിക്കെ സംഗതി എന്തെന്നു് ആലോ ചിച്ചു നോക്കുക!

ഭക്തിമാൎഗ്ഗവും ജ്ഞാനമാൎഗ്ഗവും.

ഭക്തൻ ഒരു രൂപത്തെ ആഗ്രഹിക്കുന്നു; ഭഗവാൻ ചിന്മയ ൻ-ചിലപ്പോൾ അദ്ദേഹത്തിൻെറ രൂപം കാണുന്നു; അദ്ദേഹ ത്തെ വിളിക്കുന്നു, ഭജിക്കുന്നു, കരയുന്നു. ജ്ഞാനികൾ ജ്യോതി സ്സിനെ ആഗ്രഹിക്കുന്നു, പല വിധത്തിലുള്ള ജ്യോതിസ്സിനേ കാ ണുന്നു, അവസാനത്തിൽ രണ്ടും—ഭക്തിയും ജ്ഞാനവും—ഒന്നു്,

ഭക്തിമാൎഗ്ഗത്തിലും അജ്ഞാനം നശിക്കുന്നു. ജ്ഞാനമാൎഗ്ഗത്തിലും അജ്ഞാനം നശിക്കുന്നു. എന്നാൽ ജ്ഞാനം ഇരിക്കുന്നു, പോകുന്നില്ല. ഈ ജ്ഞാനത്തിനപ്പുറം എന്തുണ്ടു്? മനുഷ്യനു പറയുവാൻ സാധിക്കുകയില്ല. ഇതിനപ്പുറം പോയിട്ടുള്ളവർ അറിയുന്നു.

ബുദ്ധദേവൻ മൃതനേയും ജരാജീൎണ്ണനേയും കണ്ടു് ജീവന്മാരെ ത്രാണനം ചെയ്യാൻ സകലതും ത്യജിച്ചു് ബദ്ധശ്രദ്ധനായി. മനുഷ്യരെ ജന്മജരാമൃത്യുക്കളിൽ നിന്നു രക്ഷിയ്ക്കാനായിരുന്നു അദ്ദേഹത്തിന്റെ ഇച്ഛ. അദ്ദേഹം അതിനുവേണ്ടി അനേക സാധനകൾ ചെയ്തു് അവസാനത്തിൽ നിൎവ്വാണം പ്രാപിച്ചു. ഹിന്ദുധൎമ്മത്തിലെ മുക്തിയും അതു തന്നെ. അല്പം വ്യത്യാസമേയുള്ളു.

ഗീതയിൽ കൎമ്മം തന്നെയാണു സൎവ്വസ്വവും. കൎമ്മം കൊണ്ടു തന്നെ ജീവൻ മുക്തിയെ പ്രാപിക്കും—നിൎവ്വാണത്തെ പ്രാപിക്കും. ഉപനിഷത്തു് പറയുന്നു, ഭക്തനും ശരി, ജ്ഞാനിയും ശരി. രണ്ടു മാർഗ്ഗവും അതിൽ വൎണ്ണിച്ചിട്ടുണ്ടു്. ജ്ഞാനത്തെപ്പററി കുറേ അധികം എന്നേയുള്ളു.

ഭാഗവതഗ്രന്ഥം ആദ്യമായി അവതാരാദികളേപ്പററി പറയുന്നു. ഭക്തനു വളരെ രുചിക്കുന്നു. ഈശ്വരനിൽ പ്രേമം വരുന്നു. അനേകം മൂൎത്തികളേപ്പററിയും പറഞ്ഞിട്ടുണ്ടു്. എന്നാൽ ഏകാദശസ്കന്ധം ജ്ഞാനത്തിന്റെ പരമാവസ്ഥ– ശുദ്ധവേദാന്തം.

യോഗവാസിഷ്ഠം, അഷ്ടാവക്രസംഹിത മുതലായ ഗ്രന്ഥങ്ങളിൽ ജ്ഞാനത്തിന്റെ ആദർശം വൎണ്ണിച്ചിരിക്കുന്നു. ഈ ഗ്രന്ഥങ്ങളിൽ ജ്ഞാനമാൎഗ്ഗം തെളിച്ചു കാണിച്ചിട്ടുണ്ടു്.

എനിക്കു് സാംഖ്യം വളരെ പിടുത്തമാണു്. പുരുഷൻ, പ്രകൃതി ഇവകളിൽനിന്നും ആരംഭിച്ചു് ആ പരമപദത്തിലേക്കു നയിക്കുന്നു. പ്രകൃതിയും പുരുഷനും വേണം. രണ്ടും ഇല്ലെങ്കിൽ എല്ലാം ശരിയാകുകയില്ല. അതുകൊണ്ടു് ഇതു രണ്ടും എടുത്തു മനസ്സിലാക്കി ആ പരമലക്ഷ്യത്തിലേക്കു് സാധകനേ നയിക്കുന്നു.

# നമ്മുടെ താൽക്കാലിക ധനസ്ഥിതിയും ഹിന്ദു ധൎമ്മോദ്ധാരണവും.

(൧൨-ാം പേജിൽനിന്നും തുടൎച്ച)

നമ്മുടെ താൽക്കാലിക ധനസ്ഥിതി ഇത്ര വളരെ ശോചനീയമാകുന്നതിനുള്ള പ്രധാന കാരണങ്ങൾ ഇതിനു മുമ്പിൽ വിവരിച്ചിട്ടുള്ളതു് വായനക്കാൎക്കു് ഓൎമ്മയുണ്ടെന്നു വിശ്വസിക്കുന്നു. ഈ ധനസ്ഥിതി പരിഷ്കരിക്കേണ്ട മാൎഗ്ഗങ്ങൾ ആലോചിക്കുന്നതിനു് മുമ്പു സ്വല്പകാലം കൊണ്ടു് ധനസ്ഥിതി ഏററവും വൎദ്ധിപ്പിക്കുന്നതിൽ അതിസമൎത്ഥന്മാരായ ഒന്നു രണ്ടു രാജ്യനിവാസികളുടെ ചരിത്രം സ്വല്പം വിവരിക്കുന്നതു് ബഹുജനങ്ങൾക്കു് വളരെ ഉപയോഗപ്രദവും നവീന ആശയങ്ങൾ ജനങ്ങൾക്കു നൾകുന്നതു കൂടാതെ ധനസ്ഥിതി വേഗത്തിൽ നന്നാക്കുന്നതു് സ്വല്പകാലം കൊണ്ടു് സാദ്ധ്യവും ആണെന്നു് ബോധവും ജനങ്ങൾക്കുണ്ടാകും. അന്യദേശങ്ങളിൽവച്ചു് ധനവൃദ്ധി വളരെ വേഗത്തിൽ വൎദ്ധിപ്പിച്ചിട്ടുള്ളതു് ജൎമ്മൻകാരാണു്. ഇവരുടെ ചരിത്രം നാം അറിയേണ്ടതാണു്. ഏകദേശം ൧൨൦ വൎഷത്തിനുമുമ്പിൽ തന്നെ ഇവർ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കി. അതിൻെറ ഫലമായിട്ടു് ഇപ്പോൾ ജൎമ്മൻകാരാണു് സകലവിദ്യാഭ്യാസവിഷയത്തിലും ലോകത്തിൽ അഗ്രസ്ഥാനം വഹിക്കുന്നതു്. ഇതോടുകൂടി സകലവിധപാണ്ഡിത്യത്തിലും ഇവർ ശ്രേഷ്ഠസ്ഥാനം പ്രാപിക്കാൻ യത്നിച്ചു് നിരന്തരപരിശ്രമത്തിൻെറ ഫലമായി പാശ്ചാത്യന്മാർ പലമാതിരിയന്ത്രങ്ങൾ നിൎമ്മിക്കാനും പലമാതിരി നവീന സാധനങ്ങൾ കണ്ടുപിടിക്കുന്നതിനും, ബഹുജനങ്ങളുടെ ഇഹലോകസുഖത്തിനും സൌകൎയ്യത്തിനും ഉപയോഗത്തിനും നാനാവിധ സാധനങ്ങളെ എളുപ്പത്തിൽ ഉണ്ടാക്കിക്കച്ചവടം ചെയ്യുന്നതിനും ഇവൎക്കു സാധിച്ചു. ഈ കാരണം മൂലമാണു് പാശ്ചാത്യന്മാർ ഇപ്പോൾ ലോകം മുഴുവൻ കീഴടക്കുന്നതു്. ഭാരതീയൎക്കു് സുഖമായ ജീവിതത്തിനുമാത്രം അല്ല വെറും കാലക്ഷേപത്തിനും കൂടി ഈ വഴി അവലംബിച്ചു് ശാസ്ത്രാഭ്യാസംചെയ്തു യന്ത്രങ്ങൾ നിൎമ്മിക്കുന്നതിനും പദാൎത്ഥങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ട ശാസ്ത്രീയചൎച്ച അത്യാവശ്യമാണു്. ജൎമ്മനിയിൽ ഇപ്രകാരം പാണ്ഡിത്യം സമ്പാദിക്കുന്നതിനും നിരന്തരം ശാസ്ത്രചൎച്ച ചെയ്യുന്നതിനും ഉദ്യുക്തന്മാരായിരിക്കുന്നതു് അവിടത്തെ സൎവ്വകലാശാലയിലെ പ്രഫസർമാരാണു്. ഇവരാണു് യഥാൎത്ഥത്തിൽ ജർമ്മനിയുടെ ജീവൻ. ഇവർ അവരവരുടെ വിഷയങ്ങളിൽ ഏററവും ശ്രേഷ്ഠസ്ഥാനംലഭിക്കാൻ

സദാ ഉത്സുകന്മാരായിരിക്കുന്നു. ഇവർ സാധാരണയായി ദിവസം ൧൦-൧൨ മണിക്കൂർ വേലചെയ്യുന്നവരാണു്. നമ്മുടെ ആധുനിക പ്രൊഫസർമാൎക്കു് ഇതു് ഓൎക്കുമ്പോൾതന്നെ മോഹാലസ്യം വരാൻ മതി. ഈ ജർമ്മൻപണ്ഡിതരെ ഈ വലിയ പരിശ്രമത്തിനു് പ്രേരിപ്പിക്കുന്നതു് അവരവർ വരിച്ചിട്ടുള്ള വിഷയത്തിൽ അവൎക്കുള്ള ശ്രദ്ധയും പ്രേമവും ദേശാഭിമാനവും ആണു്. ഇവരുടെ ശമ്പളം അവരുടെ പാണ്ഡിത്യത്തിനു് യന്ത്രശാലകളിൽ ലഭിക്കുന്നതിൽ നാലിലൊന്നോ അഞ്ചിലൊന്നോ മാത്രമേയുള്ളു. പ്രൊഫസർ സ്ഥാനത്തിനുള്ള മാന്യതയും, അവരുടെ പാണ്ഡിത്യം വൎദ്ധിപ്പിക്കുന്നതിനുള്ള സൌകൎയ്യവും അവൎക്കു ശരിയായ ശിഷ്യന്മാരെ തിരഞ്ഞെടുത്തു അഭ്യസിപ്പിക്കാനുള്ള സൌകൎയ്യവും കൊണ്ടാണു് അവർ പ്രൊഫസർ സ്ഥാനം അലങ്കരിക്കുന്നതു്. ഇവർ നൂതനമായി കണ്ടുപിടിക്കുന്ന ശാസ്ത്രീയമാൎഗ്ഗങ്ങളെ ജനങ്ങളുടെയിടയിൽ പ്രചാരപ്പെടുത്തുന്നതിനു് ജർമ്മൻ ഗവർമ്മെൻറും ജർമ്മനിയുടെ പ്രധാനയന്ത്രശാലാദ്ധ്യക്ഷന്മാരും വ്യാപാരികളും ഏകോപിച്ചു ശ്രമിക്കുന്നു. ഇംഗ്ലണ്ടിൽ ജനപ്രതിനിധികൾ മൂലം രാജ്യം ഭരിക്കാൻ നിരന്തരം ശ്രമിച്ചു. അതിൽ ഇംഗ്ലീഷുകാൎക്കു സാമൎത്ഥ്യം ലഭിച്ചു. അതുപോലെ ജൎമ്മൻകാർ ഗവർമ്മെൻറുമൂലം സകലകാൎയ്യങ്ങളും ഏററവും ചുരുങ്ങിയ ചിലവിൽ ഏററവും ശക്തിയോടും സഫലതയോടും നടത്തുന്നതിനു് വളരെക്കാലം ശ്രമിച്ചു. അവൎക്കു ഈ കാൎയ്യത്തിൽ മഹാവൈദഗ്ദ്ധ്യം കിട്ടീട്ടുണ്ടു്. ഒന്നു രണ്ടു ഉദാഹരണങ്ങൾ കൊണ്ടു് വായനക്കാൎക്കു ഈ വിഷയം സുഗ്രാഹ്യമാകുന്നതാണു്. ഏകദേശം എഴുപതു് വർഷങ്ങൾക്കു മുമ്പു് ഒരു പ്രസിദ്ധ ജൎമ്മൻരസതന്ത്രജ്ഞൻ കൃഷിസ്ഥലങ്ങളിലെ മണ്ണിലെ ഉരമുള്ള പദാൎത്ഥങ്ങൾ ഇന്നതെല്ലാം എന്നു കണ്ടുപിടിച്ചു് ഓരോ പറമ്പിൻെറയും നിലത്തിൻെറയും ഗുണദോഷം അനുസരിച്ചു ഉരങ്ങൾ ഉപയോഗിക്കുന്നതിനും നവീനമായ ഉരങ്ങൾ ഉണ്ടാക്കി അവ യഥോചിതം ഉപയോഗിക്കുന്നതിനുമുള്ള വഴികൾ കണ്ടുപിടിച്ചു. ഗവൺമെൻറും ഈ മാർഗ്ഗത്തെ ഉടനെ കൃഷിക്കാരുടെ ഇടക്കു പരിചയപ്പെടുത്തി. മഹായുദ്ധം ആരംഭിക്കുന്ന കാലത്തു് ജൎമ്മൻ കൃഷിക്കാരൻ ഇംഗ്ലീഷുകാരനുണ്ടാകുന്നതിൽ ഇരട്ടി വിളവു് കൃഷിയിൽ നിന്നും ഉണ്ടാക്കിവന്നു. അതല്ലാതെ അനേക ശതവർഷങ്ങളായി നാം ഉപയോഗിക്കുന്ന ചായങ്ങളെല്ലാം നീലഅമരി കൃഷിചെയ്തു് അതിൽ നിന്നും ഉണ്ടാക്കിവന്നു. ഇംഗ്ലീഷുകാർ ഈ നീലഅമരി ബംഗാളത്തിൽ കൃഷിക്കാരെക്കൊണ്ടു നിർബ്ബന്ധിച്ചു കൃഷി ചെയ്തിട്ടു അതിൻെറ ചായം യൂറോപ്പിൽ കൊണ്ടുവിററു അനവധി ദ്രവ്യം സമ്പാദിച്ചുവന്നു. എഴുപതു് വർഷങ്ങൾക്കു മുമ്പു് തിരുവിതാംകൂറിലും അമരികൃഷി

ധാരാളമായുണ്ടായിരുന്നു. ഒരു ജമ്മൻ രസതന്ത്രജ്ഞൻ വളരെ കാലത്തെ ശാസ്ത്രചൎച്ചയുടെ ഫലമായി ഈ ചായങ്ങൾ എല്ലാം കീലിൽ നിന്നു എളുപ്പത്തിൽ ഉണ്ടാക്കാമെന്നു കണ്ടുപിടിച്ചു. ഉടൻതന്നെ ജമ്മൻ യന്ത്രശാലാധ്യക്ഷന്മാർ ഈ മാർഗ്ഗം അനുസരിച്ചു ചായങ്ങൾ ഉണ്ടാക്കി ഇംഗ്ലീഷുകാരുടെ വ്യവസായം നശിപ്പിച്ച് ഈ വ്യാപാരത്തിൽ കിട്ടുന്ന ആദായം എല്ലാം കരസ്ഥമാക്കി. ഇപ്പോഴും റബ്ബർ ഇതുപോലെ മററു സാധനങ്ങൾ കൊണ്ടു ഉണ്ടാക്കാനുള്ള ശാസ്ത്രചൎച്ച ജമ്മനിയിൽ നടക്കുകയാണ്. ഉണ്ടാക്കാൻ മാൎഗ്ഗം കണ്ടുപിടിച്ച് അതിനെ കുറഞ്ഞ ചിലവിന്മേൽ ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്. ഈ ശ്രമവും അചിരേണ സഫലമാകും എന്നതിന് യാതൊരു സംശയവുമില്ല. ഈ അദ്വിതീയമായ രസതന്ത്രജ്ഞാനമാണ ജമ്മൻകാരെ കഴിഞ്ഞ മഹായുദ്ധത്തിൽ വളരെ സഹായിച്ചതു്. യുദ്ധത്തിൽ ഉപയോഗിക്കുന്ന യുദ്ധസാമഗ്രികൾ ഉണ്ടാക്കുന്നതിന് ആവശ്യമുള്ള വെടിയുപ്പു മുമ്പ് തെക്കേഅമേരിക്കയിൽ ഒരുരാജ്യത്തു നിന്നു കപ്പൽ വഴികൊണ്ടുവരികയായിരുന്നു പതിവ്. യുദ്ധാരംഭത്തോടു കൂടിജമ്മൻകാരുടെ കച്ചവടം ഇംഗ്ലീഷുകാർനിൎത്തിയതുകൊണ്ടു എത്രതന്നെ വെടിയുപ്പു ശേഖരിപ്പിച്ചിരുന്നാലും അതിവേഗത്തിൽ തീൎന്നുപോകുന്നതാണ്. അതിനാൽ ജമ്മൻകാർ അഞ്ചാറുമാസംകൊണ്ടു കീഴടങ്ങുമെന്ന് അനേകം ഇംഗ്ലീഷുകാർ കരുതിയിരുന്നു. എന്നാൽ യുദ്ധാരംഭത്തിൽതന്നെ ഒരു ശാസ്ത്രജ്ഞൻ വായുവിൽ നിന്നു വെടിയുപ്പുണ്ടാക്കാനുള്ള ഒരു നവീനമാർഗ്ഗം നടപ്പിൽ വരുത്തി. അവരുടെ പക്കൽനിന്നും യുദ്ധാവസാനത്തിൽ വളരെ അധികം പണം ജേതാക്കൾ വാങ്ങി എങ്കിലും ജമ്മൻകാർ പൂൎവ്വകാലത്തേപ്പോലെ അഗ്രസ്ഥാനം പ്രാപിച്ചു വരുന്നുണ്ടു്. ജമ്മനിയിൽ ഇപ്പോൾ പന്ത്രണ്ടരലക്ഷം മോട്ടാർ കാറുകൾ ഓടുന്നു. അതുപോലെ ഏകദേശം ഒരു അൻപതു വൎഷത്തിനു മുമ്പ് ഒരു ജർമ്മൻ ശാസ്ത്രജ്ഞൻ യന്ത്രങ്ങൾ മൂലം വിദ്യുത്ശക്തി (Electricity) എളുപ്പത്തിൽ ഉണ്ടാക്കാനുള്ള ഒരു വഴി കണ്ടു പിടിച്ചു. ഉടൻ തന്നെ ധനികന്മാരായ ചില വ്യാപാരപ്രമാണികൾ ഗവർമ്മെൻറു സഹായത്തോടു കൂടി ഈ മാൎഗ്ഗം പ്രചാരപ്പെടുത്തി. എളുപ്പത്തിൽ വിദ്യുത്ശക്തി ഉണ്ടാക്കി, ഈ ശക്തിയെ വിളക്കു കത്തിക്കുന്നതിനും യന്ത്രങ്ങൾ മൂലം റയിൽവണ്ടി മുതലായ ശീഘ്രവാഹനങ്ങൾ ഓടിക്കുന്നതിനും ഉപയോഗിച്ചുതുടങ്ങി. ഇപ്രകാരം സാമാനങ്ങൾ ഉണ്ടാക്കുന്നതിനു മാത്രമല്ലാ ഈ വിദ്യുത്ശക്തി നാടു മുഴുവൻ കൊണ്ടുപോയി ഗ്രാമങ്ങളിൽ വസിക്കുന്ന ജനങ്ങൾക്കു കൂടി അവരവരുടെ ഭവനത്തിൽ വച്ചു തന്നെ അനേക വ്യവസായങ്ങൾ നടത്തുന്നതിനു വേണ്ട യന്ത്രശക്തി ഏററവും ചുരുങ്ങിയ ചിലവിൽ കൊടുക്കുന്നു. ഉൾനാട്ടിൽ ഭവനത്തിൽ ഇരുന്നു നടത്താവുന്ന വ്യ

വ്യവസായങ്ങൾക്ക് വേണ്ടിയ മൂലധനം അസംഖ്യം പരസ്പരസഹായസംഘങ്ങൾ മൂലം ചുരുങ്ങിയ പലിശയ്ക്കും ലഭിക്കുന്നുണ്ട്. ജർമ്മൻ ഗവർമ്മെന്റ് ഒന്നു രണ്ടു മാസത്തോളം മുമ്പു് ഏകദേശം ൫൦൦൦ കൂലിക്കാരുടെ വരവു ചിലവു പരിശോധിച്ച് ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും നമുക്കു ജർമ്മനിയിലെ ബഹുജനങ്ങളുടെ യഥാർത്ഥസ്ഥിതി ഇന്നതാണെന്ന് എളുപ്പത്തിൽ ഗ്രഹിക്കാൻകഴിയും. ഒരു ജർമ്മൻ കൂലിവേലക്കാരന്റെ കുഡുംബത്തിൽ സാധാരണ നാലഞ്ചു് ആളുകൾ ഉണ്ടു്. ഭാര്യയും ഭർത്താവും രണ്ടു കുട്ടികളും ചിലപ്പോൾ ഒരു വയസ്സായ ആളും കാണും. ഒരു കൂലിവേലക്കാരന്റെ വരവു് ശരാശരി മാസം ൧൮൭ രൂപയാണ്. ഇതിൽ മൂന്നിൽ ഒരുഭാഗം ഏകദേശം ൩൦ രൂപ ആഹാരപദാർത്ഥങ്ങൾ വാങ്ങാൻ ഉപയോഗിക്കുന്നു. ആഹാരദ്രവ്യങ്ങൾ വാങ്ങുന്നതിലും വിശേഷമുണ്ടു്. ഈ ൩൦ രൂപായിൽ മൂന്നിലൊരു ഭാഗം മാംസം വാങ്ങാൻ ഉപയോഗിക്കുന്നു. ഇതിൽ നിന്നും ജർമ്മനിയിൽ ക്രമിക്കാൾക്കും സസ്യഭുക്കുകൾക്കും സ്ഥാനം ഇല്ലെന്നുള്ളതു കൂടാതെ ശരീരത്തിന് ബലവും പൌരുഷവും കൊടുക്കുന്ന ആഹാരപദാർത്ഥങ്ങൾ അവർ ധാരാളം ഉപയോഗിക്കുന്നു എന്നും നമുക്കു ഗ്രഹിക്കാം. പിന്നീടു ൮ രൂപ പാലിനും ൧൦ രൂപ റൊട്ടിക്കും ൩ രൂപ വെണ്ണക്കും ൭ രൂപ മത്സ്യത്തിനും ൨ രൂപ ഉരുളക്കിഴങ്ങിനും ൨ രൂപ മലക്കറിക്കും, ൨ രൂപ പഴങ്ങൾ വാങ്ങുന്നതിനും ചിലവാക്കുന്നു. വീട്ടുവാടക ൧൮ രൂപയും അവരുടെ ക്ലബ്ബുകൾക്കും സംഘങ്ങൾക്കും കൂടി ൪ രൂപയും ചിലവാക്കുന്നു. വിനോദത്തിനു് ഒരു ചെറിയ തുകയും അതിലിരട്ടി പുസ്തകങ്ങൾ വാങ്ങുന്നതിനും ഉപയോഗിക്കുന്നു. ഇവയിൽ നിന്നും ജർമ്മനിയുടെ കൂലിക്കാരുടെ ഇടയിൽകൂടി നല്ല ഭവനങ്ങളിൽ താമസിക്കുന്നതിനു് ആവശ്യവും, ആഹാരശാസ്ത്രം അനുസരിച്ചു ശരീരത്തിനു് ബലവും ആയുസ്സും കൊടുക്കുന്ന ആഹാരങ്ങൾ ഉപയോഗിക്കേണ്ട ആവശ്യവും വിദ്യാഭ്യാസവും എത്ര പരന്നിരിക്കുന്നുവെന്നു് നമുക്കു് ഊഹിക്കാം. ഇവർ മാസംതോറും ശരാശരി ൧൭ രൂപ ഇൻഷുവറൻസിനു കൊടുക്കുന്നു. ഇതിൽനിന്നും ദീനം വരുമ്പോൾ വിശേഷാൽ ചിലവുകൂടാതെ ചികിത്സയും ദീനകാലത്തു് അത്യാവശ്യച്ചിലവിനു് വേണ്ട പണവും വാർദ്ധക്യത്തിൽ ചിലവിനു് നിറവേററത്തക്കവണ്ണം ഒരു പെൻഷനും ഗവൺമെൻറിൽ നിന്നും അവൎക്കു ലഭിക്കുന്നു. ഇപ്രകാരം പ്രധാന ആവശ്യങ്ങൾ എല്ലായ്പോഴും നടക്കുന്നതുകൊണ്ടു അവർ വളരെ ചെറിയ തുകയേ മിച്ചംവയ്ക്കുന്നുള്ളു. ജർമ്മനിയിൽ വിദ്യാഭ്യാസം എത്രത്തോളം പ്രചാരം ഉണ്ടെന്നു് മദ്രാസ് പ്രസിഡൻസിയെക്കാളും സ്വല്പം വലിയ ഈ രാജ്യത്തിൽ ൪൭ സർവ്വകലാശാലകൾ ഉള്ളതുകൊണ്ടു നമുക്കൂഹിക്കാം. ഈ സർവകലാശാലകൾ കൂടാതെ കച്ചവടരഹസ്യം അഭ്യസിപ്പിക്കുന്നതിനു് കൂലിവേലക്കാ

രുടെ ഇടയിൽ സർവ്വകലാശാലകളുടെ രീതിയിൽ വിദ്യാഭ്യാസം പ്രചാരപ്പെടുത്തുന്നതിന് വൈകുന്നേരം ക്ലാസുകളും അനേക നഗരങ്ങളിൽ ഉണ്ട്. ഈ വിവരണത്തിൽ നിന്നും ജർമ്മൻകാർ എട്ടുപ്പത്തിൽ ധനസ്ഥിതിയിൽ ഉയർന്നു വന്നത് അവരുടെ വിദ്യാഭ്യാസംകൊണ്ടും നിരന്തരപരിശ്രമംകൊണ്ടും ഇപ്രകാരം പരിശ്രമിക്കുന്നതിന് അത്യാവശ്യമായ നല്ല ആഹാരസൗകര്യങ്ങൾ കൊടുക്കുന്നതുകൊണ്ടും ആണ് എന്നു നമുക്കു മനസ്സിലാകുന്നു. ജീവിതം ഏററവും ഉയർന്ന നിലയെ പ്രാപിച്ചിട്ടുള്ള ജനങ്ങളുടെ ആരോഗ്യസ്ഥിതിവളരെ നന്നായിരിക്കുമല്ലൊ. ഇതിനും പുറമെ ഗവൺമെൻറും ബഹുജനങ്ങളും ധനികന്മാരും ശാസ്ത്രജ്ഞന്മാരായ പ്രൊഫസർമാരും ഏകോപിച്ചു യത്നിക്കുന്നതുകൊണ്ടാണ് അവരുടെ ഈ അഭ്യുന്നതി എന്നു സ്പഷ്ടമാകുന്നുണ്ട്.

## കീർത്തനം.

ഹിന്ദുസ്ഥാനിതോഡി. ഝമ്പതാളം.

൧. ചിന്താമൃതാനന്ദമനോജ്ഞതരവിഗ്രഹനെ
ചെന്താമരാക്ഷ നിഖിലാഗമനുകന്ദമെ ഞാൻ
സന്താനകല്പപദതാരിന്ന ഗദാധരനെ—പണിയുന്നേൻ

൨. കാന്തം നിരന്തര സമുഗ്രവരകാന്തിപൂരം
ചിന്തും ചിദംബരതലേതിവിമലേവിഭാന്തം
സ്വാന്തേ ഭവന്തമയി കാണുവതിനററഭാഗ്യം—അരുളേണം.

൩. ഘോരാന്ധകാരമയസംസൃതിഗതാകുലനായ്
ഓരാതെ താവക ഗുണോൽകരമഹോ വലഞ്ഞേൻ
ശ്രീരാമകൃഷ്ണ! കരുണാകര കടാക്ഷവൃഷ്ടി—ചൊരിയേണം.

൪. ചാഞ്ചല്യമാർന്നമമ മാനസമതായഭൃംഗം
പഞ്ചാമൃതാഞ്ചിത മനോജ്ഞതമയങ്ങിടുന്ന
നിഞ്ചാരുകീർത്തന സമാധപികരസേതിലോലം—അണയേണം

൫. സ്വാർത്ഥം വിനാനിയതമുത്തമപരാർത്ഥവൃത്ത്യാ
ധാത്രീതലേമഹിതമംഗലമതും വളർത്തി
അത്യന്തജീവിതകൃതാർത്ഥതയെനിക്കരുളുവാൻ—
കനിയേണം.

# പുസ്തകാഭിപ്രായം.

ഫ. മന്ത്രശക്തി. ശ്രീമാൻ പള്ളിയിൽ കൃഷ്ണമേനോൻ അവർകൾ മന്ത്രങ്ങളെപ്പററിയും, ശ്രീമാൻ വെള്ളാപ്പാട്ടു കരുണാകരൻനായർ അവർകൾ മന്ത്രശക്തി, മന്ത്രശാസ്ത്രം ഈ വിഷയങ്ങളെപ്പററിയും എഴുതി ഒന്നായി ചേർത്തിട്ടുള്ള ഒരു പുസ്തകമാണിതു്. എറണാകുളം സനാതനധർമ്മ അച്ചടിശാലയിൽ ഇതു് വൃത്തിയായി അച്ചടിച്ചിരിക്കുന്നു.

മനുഷ്യനിലുള്ള നിഗൂഢശക്തികളെ ഉണർത്തുന്നതിനും വികസിപ്പിക്കുന്നതിനും വിവിധോപായങ്ങളെ ആര്യന്മാർ പണ്ടു തന്നെ കണ്ടുപിടിച്ചിരുന്നു. അവയിൽ ശാബ്ദികമായ ഒരു ഉപായവിശേഷമാണു് മന്ത്രയോഗം.

അല്പായാസം കൊണ്ടു് അനല്പഫലം ലഭിക്കണമെന്നാശിക്കുന്ന മനുഷ്യർ മന്ത്രസാധകന്മാരിലും ധാരാളം കാണുന്നുണ്ടു്. മന്ത്രസിദ്ധന്മാരെന്ന പേരോടു കൂടി നടക്കുന്നവരിൽ പല കപടവിദ്വാന്മാരും ഉണ്ടായിരിക്കും. മന്ത്രവാദികളിൽ നീചലൌകികാഭ്യുന്നതിക്കായി ദുർമ്മന്ത്രപ്രയോഗം ചെയ്തു നടക്കുന്നവരും ഉൾപ്പെടുന്നു. അഥർവ്വണവേദത്തിനു് ഒരു താഴ്ച വന്നിട്ടുള്ളതായി ചിലർ കരുതിപ്പോരുന്നതും ഇതുകൊണ്ടു തന്നെയാണു്. ഇങ്ങനെയൊക്കെയായാലും വിജ്ഞാനദൃഷ്ട്യാ നോക്കുന്ന പക്ഷം മന്ത്രശാസ്ത്രം നമ്മുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നു. സൂക്ഷ്മവസ്തുവിനു സ്ഥൂലവസ്തുവിനേക്കാൾ ബലവും നിലയും കൂടുന്നു എന്നാണു് ആര്യവിജ്ഞാനങ്ങളാൽ അഭിപ്രേതമായിരിക്കുന്നതു്. വിചാരത്തിനു് ഭൌതികവസ്തുക്കളേക്കാൾ ബലമേറുന്നു. വിചാരം, വാക്കു (ശബ്ദം) മൂലമായി പുറത്തു വരുന്നു. വിചാരവും വാക്കും അകവും പുറവും. വിചാരവും വാക്കും സൂക്ഷ്മവും സ്ഥൂലവുമാണു്, അതിനാൽ ഒന്നു തന്നെ എന്നു പറയാം. പ്രത്യയവും ശബ്ദവും പോലെയുള്ള സംബന്ധം പോലെ തന്നെ ശബ്ദവും അർത്ഥവും തമ്മിലുമുണ്ടു്. മരം എന്ന വിചാരവും മരം എന്നശബ്ദവും അതിന്റെ അർത്ഥവും തമ്മിൽ ഇങ്ങനെ നിത്യസംബന്ധം സൃഷ്ടിയുടെ രീതിയാണു്. മനനത്തിൽ നിന്നു് മന്ത്രശബ്ദവും മന്ത്രത്തിൽ നിന്നു് അർത്ഥവുമുണ്ടാകുന്നു. അതിനാൽ നാലു പുരുഷാർത്ഥങ്ങളായ ധർമ്മാർത്ഥകാമമോക്ഷങ്ങളും മന്ത്രശക്തി കൊണ്ടു ലഭ്യങ്ങൾ തന്നെ. മോക്ഷമാണു് സർവ്വപ്രധാനം എന്നു നിശ്ചയിച്ചുകൊണ്ടു് സന്മനസ്സായി മന്ത്രശക്തിയെ വികസിപ്പിക്കുന്നതിനുള്ള പ്രയത്നം മനുഷ്യലോകത്തിന്റെ ഒരു ഉചിതമായ കർത്തവ്യമാണു് എന്നതിൽ സന്ദേഹം വേണ്ട.

ഈ ചെറിയ പുസ്തകത്തിൽ മന്ത്രങ്ങളെന്നാലെന്തു്?, ചില തെററിദ്ധാരണകൾ, മന്ത്രോപദേഷ്ടാക്കൾ, ഉപാസകർ, ഉപയോ

ഗങ്ങൾ, ഉച്ചാരണശക്തി, ബീജാക്ഷരം. മന്ത്രസംസ്കാരം, മന്ത്രശാസ്ത്രഗ്രന്ഥങ്ങൾ മുതലായവയെപ്പററി സരളമായി ഉപന്യസിച്ചിട്ടുണ്ട്.

ഈ പുസ്തകത്തിന്റെ രചേതാക്കൾക്ക് മന്ത്രശാസ്ത്രദുഗ്ദ്ധാംബുധിയിൽ സാനന്ദം വിഹരിക്കുന്ന ഭാരതവർഷത്തിലെ പുണ്യപുരുഷന്മാരുടേയും മന്ത്രസിദ്ധന്മാരുടേയും അഭിപ്രായങ്ങളോടുള്ള പരിചയം ബ്ളവററ്സ്കി മതാമ്മയുടേയും ലെഡ്ബീററർ സായ്പിന്റേയും അഭിപ്രായങ്ങളോടുള്ള പരിചയത്തേക്കാൾ വളരെ കുറവായി കാണുന്നുണ്ട്.

൭൮-ാം പുറത്ത് 'സൂക്ഷ്മലോകശക്തികളെ നേരിട്ടറിയുന്ന യോഗികൾ നമ്മുടെ ഇടയിൽ ഉണ്ടായിത്തുടങ്ങുമ്പോൾ etc, etc, ൯൧-ാം പുറത്ത് ൨൫൦-ൽപരം മാത്രയിൽ ഓങ്കാരം ശബ്ദിക്കാമെന്ന് മാഡം ബ്ളവററ്സ്കി എഴുതിയിരിക്കുന്നു!; ൪൭-ാം പുറത്ത് 'തർജ്ജിമ ചെയ്യപ്പെട്ട ഗായത്രി ശ്രദ്ധാപൂർവ്വം ജപിച്ചാൽ സംസ്കൃതത്തിൽ ജപിച്ചാലുള്ളതുപോലെ തന്നെയുള്ള രൂപങ്ങൾ സൂക്ഷ്മലോകത്തുണ്ടാകുന്നു എന്ന് ദിവ്യദൃക്കായ ബിഷപ്പ് ലെഡ്ബീററർ പറയുന്നു. ഗായത്രി ജപിക്കുമ്പോൾ നീലകണ്ഠന്മാരായ ചില ദേവന്മാർ സൂക്ഷ്മലോകത്തിൽ സന്നിഹിതരാകുന്നതും അദ്ദേഹം കണ്ടിട്ടുണ്ടത്രെ, എന്നിങ്ങിനേയും കാണുന്നു.

വിചാരഗതി മേലുദ്ധരിച്ചിട്ടുള്ള വഴിയെ പോകുന്നത് ലോകത്തിന്റെ അദ്ധ്യാത്മഹൃദയമായ ഭാരതത്തിലുള്ള വിശ്വാസത്തെ വിപാടനം ചെയ്യുന്നതിനുള്ള ചില പാശ്ചാത്യരുടെ സംരംഭത്തെ സഹായിക്കുകയാകുന്നു.

വിലപിടിച്ച മന്ത്രശാസ്ത്രഗ്രന്ഥങ്ങളെ ഭാഷാന്തരപ്പെടുത്തുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിൽ ഇതിന്റെ രചേതാക്കളേയും മലയാളികളായ മഹാജനങ്ങൾ പ്രോത്സാഹിപ്പിക്കത്തക്കവണ്ണം സംഭവിക്കട്ടെ.

൨. നായർ ശ്രീവല്ലഭാഭിമുഖ്യത്തോടുകൂടി ആരംഭിച്ചിരിക്കുന്ന നായർ പത്രത്തിന്റെ പ്രഥമലക്കം കൈപ്പററി നന്ദിപറഞ്ഞുകൊള്ളുന്നു. ഇതിൽ ശിഷ്ടന്മാരുടെ പല അഭിപ്രായങ്ങളും ഭംഗിയായി പ്രകടിപ്പിച്ചിട്ടുണ്ട്. ശാസ്ത്രത്തിൽ ഉത്താനബുദ്ധികളോ പൂർവ്വചരിത്രത്തിൽ ധർമ്മകുറഞ്ഞവരോ ധർമ്മമൂർത്തിയെ അപഹസിക്കുന്നതു ആപൽകരമാണെന്നു കാണിക്കുന്നതും ശാസ്ത്രവിഹിതമായിത്തന്നെ പുരുഷാർത്ഥപ്രാപ്തിക്ക് പ്രയത്നിക്കേണ്ടതാണെന്ന് ഉൽബോധിപ്പിക്കുന്നതും ആയ പലലേഖനങ്ങളും ഇതിൽ കാണുന്നു. അശേഷാഭ്യുന്നതികൾക്കായി ധർമ്മാനുരൂപം പരിശ്രമിച്ച് നായന്മാർക്കെന്ന

ല്ലാ സകലജനങ്ങൾക്കും ഈ പത്രം മഹോപകാരമായി ഭവിക്കുന്നതിനു ഞങ്ങളും പ്രാർത്ഥിക്കുന്നു. (വരിസംഖ്യ ൪ രൂപാ. മേൽവിലാസം. മാനേജർ, നായർ കാര്യാലയം, തിരുവല്ലാ)

## ജന്മതിഥി.

—:ooo:—

കുംഭം ൧൯-ാം തീയതി ശുക്ലപക്ഷദ്വിതീയയായ ഞായറാഴ്ച ദിവസം ഭഗവാൻ ശ്രീരാമകൃഷ്ണദേവന്റെ ജന്മതിഥിയാകുന്നു.


# സുവരത്നദീപിക.

മേപ്പത്തൂർ നാരായണ ഭട്ടതിരിപ്പാട്ടിലെ

## നാരായണീയം.

മലയാളികൾക്കുള്ള എല്ലാ പാരായണ ഗ്രന്ഥങ്ങളിൽ വച്ചും പ്രഥമസ്ഥാനത്തെ അർഹിക്കുന്നതും ഭട്ടതിരിപ്പാട്ടിലെ കൃതികളിൽവച്ച് ഏററവും വിശേഷപ്പെട്ടതുമായ "നാരായണീയം" എന്ന സ്തോത്രത്തിന് പല വ്യാഖ്യാനങ്ങൾ പരിഷ്കരിച്ചതിന്റെ ഫലമായി ഒരു നൂതനമായ ലളിതമലയാളവ്യാഖ്യാനം ഇതാ പുറപ്പെട്ടുതുടങ്ങിയിരിക്കുന്നു. വാങ്ങിക്കുന്നവരുടെ സൗകര്യത്തിനുവേണ്ടി ഇതു മാസികാരൂപത്തിലാണ് പ്രസിദ്ധപ്പെടുത്തി തുടങ്ങിയിട്ടുള്ളതു്.

ഒരാണ്ടത്തെ വരിസംഖ്യയായ Rs. 3. ഉടനെ മണിയാർഡർ ചെയ്തു് അയച്ചുകൊള്ളുവിൻ.

ഇതു കൂടാതെ ഞങ്ങളുടെ പക്കൽ മതസംബന്ധമായ അനവധി പുസ്തകങ്ങൾ, നോവലുകൾ, പദ്യകൃതികൾ, നിഘണ്ഡുക്കൾ മുതലായവ എല്ലായ്പോഴും വില്പാനു കിട്ടുന്നതാണ്. ആവശ്യക്കാർ വിവരങ്ങൾക്ക് എഴുതിയയക്കുന്നപക്ഷം അറിയിച്ചുകൊടുക്കുന്നതാണ്.

എന്നു്,

Raina Varma &Bros,
Mavelikara.

# ബ്രഹ്മാനന്ദീയം.

ഭഗവാൻ ശ്രീരാമകൃഷ്ണപരമഹംസദേവന്റെ മാനസപുത്രനും ശ്രീവിവേകാനന്ദസ്വാമികളാൽ "അദ്ധ്യാത്മജ്ഞാനമഹീധരം" എന്നു വിളിക്കപ്പെട്ടിട്ടുള്ള ജീവന്മുക്തനും ആയ ശ്രീമൽ ബ്രഹ്മാനന്ദസ്വാമികളുടെ ജീവിതചരിത്രവും, അദ്ദേഹം ശിഷ്യന്മാൎക്കു കൊടുത്ത ആദ്ധ്യാത്മികോപദേശങ്ങളും അടങ്ങിയ ഒരു വിശിഷ്ടഗ്രന്ഥം. മുമുക്ഷുക്കൾക്കു വേദാന്തഗ്രന്ഥങ്ങളിൽ സാമാന്യേന ദുൎല്ലഭങ്ങളായ ദിവ്യോപദേശങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഈശ്വരദൎശനത്തിനുള്ള വഴി — നിത്യാനന്ദമാൎഗ്ഗം — ഇത്ര ലളിതമായി പ്രതിപാദിക്കുന്ന ഗ്രന്ഥം മലയാളഭാഷയിൽ വേറെയില്ലെന്ന് ആരും സമ്മതിക്കും. മുന്നൂറു പേജുള്ള പുസ്തകത്തിന് വില രൂപാ ൧

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ആഗമാനന്ദസ്വാമികൾ, ശ്രീരാമകൃഷ്ണാശ്രമം C/o

മാനേജർ,

"കമലാലയ" പ്രസ്സ്,

ഒററപ്പാലം—തെക്കേമലബാർ.

# ഭക്തിമാൎഗ്ഗഗ്രന്ഥങ്ങൾ.

| | ക. | ണ. | പ. |
|---|---|---|---|
| ശ്രീരാമകൃഷ്ണപരമഹംസൻ (ജീവചരിത്രവും വചനങ്ങളും) | 1 | 2 | 0 |
| ശ്രീകൃഷ്ണകർണ്ണാമൃതം വ്യാഖ്യാനം. | 0 | 12 | 0 |
| ഭജനസ്തോത്രമഞ്ജരി ,, | 0 | 8 | 0 |
| സൌന്ദൎയ്യലഹരി ,, | 0 | 8 | 0 |
| ശിവാനന്ദലഹരി ,, | 0 | 8 | 0 |
| നീതിശാസ്ത്രരത്നങ്ങൾ ,, | 0 | 8 | 0 |
| ശ്രീരാമകർണ്ണാമൃതം | 0 | 7 | 0 |
| ശ്രീകൃഷ്ണവിലാസം | 1 | 0 | 0 |
| ശ്രീകൃഷ്ണദൂത് | 0 | 10 | 0 |
| ശ്രീശങ്കരാചാൎയ്യസ്വാമികൾ | 1 | 4 | 0 |

മാനേജർ

സരസ്വതീവിലാസം പുസ്തകശാല,

തൃശ്ശിവപേരൂർ.